# അപ
# ക
# ഷദണം

— ഉറൂബ് —

# തപ്തഹൃദയം

## ഖണ്ഡകൃതികൾ

(ഒൻപതാം ഭാഗം)

ഉള്ളൂർ എസ്. പരമേശ്വരയ്യർ

ഉള്ളൂർ പബ്ലിഷേർസ്,
ജഗതി, തിരുവനന്തപുരം
1956

All Rights Reserved] വില രൂപാ 1

പ്രസാധകരുടെ മുദ്രയില്ലാത്ത പ്രതികൾ വ്യാജനിർമ്മിതമാകുന്നു.

Digitized By Kerala Sahitya Akademi

1948- ഒന്നാം പതിപ്പ് കോപ്പി 1000
1956- രണ്ടാം പതിപ്പ് കോപ്പി 1000

Printed at
THE SRIDHARA PRINTING HOUSE
*Trivandrum—1*

വില രൂപ ഒന്ന്.

Digitized By Kerala Sahitya Akademi

# വിഷയസൂചി


| | | പേജ് |
|---|---|---|
| 1. | വിജയപ്രാർത്ഥന | 1 |
| 2. | ഇരുമ്പിന്റെ നൈരാശ്യം | 4 |
| 3. | ജയഭേരി | 9 |
| 4. | പുനരാലോചന | 13 |
| 5. | പൂമ്പാററയോട് | 18 |
| 6. | ആററംബാംബ് | 22 |
| 7. | പ്രഭാതചിന്ത | 30 |
| 8. | കരച്ചിലോ ? | 34 |
| 9. | ഗ്രാമവും നഗരവും | 41 |
| 10. | കോടതിയുടെ കോപം | 51 |
| 11. | മതവും മദ്യവും | 57 |
| 12. | ലക്ഷ്മിയും ഭക്തനും | 61 |
| 13. | മുന്നോട്ട് | 65 |
| 14. | മലകേറൽ | 68 |
| 15. | തൃപ്പാദങ്ങളിൽ | 72 |
| 16. | ആ ചുടലക്കളം | 76 |


Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# * വിജയപ്രാൎത്ഥന.

കുടുംബത്തെ രണ്ടായ്പ്പിരിക്കിലിശ്ശല്യ-
മൊടുങ്ങുമെന്നല്ലീ നിനച്ചിരുന്നു നാം ?
ജനനിതൻ പൂമെയ് പിളൎക്കിലും കൂടി-
യിണങ്ങുമെന്നല്ലി കരുതിവാണു നാം ?
പകുത്തിട്ടെന്തായി ഫലം ? പിരിഞ്ഞോർതൻ
പകച്ചെന്തീ വീണ്ടും പടൎന്നു കത്തുന്നു.
മറകൾ കണ്ടൊരു മഹർഷിമാരിരു-
ന്നരുളിന പഞ്ചനദത്തിലിദ്ദിനം
ഇടതടവററു നടന്നീടുന്നല്ലോ
ചുടലക്കാട്ടിലെപ്പിശാചതാണ്ഡവം !
എവിടെയും കൂട്ടക്കൊലയും, കൊള്ളയു-
മെവിടെയും ബലാദ്രതവും, തീവെയ്പും.
ജനിച്ച ദേശവും, ഗൃഹവും, സമ്പത്തും,
തനിക്കു വാച്ചിട്ടും സമസ്തബന്ധവും,
ത്യജിച്ചുയിർമാത്രം പുലൎത്തുവാൻ കൊതി-
ച്ചുജസ്രമൊട്ടുപേർ പരക്കം പായുന്നു.
അശാന്തമാഞ്ഞെത്തിപ്പിടിച്ചവരെയും
കശാപ്പുചെയ്യുന്നു പരർ മതഭ്രാന്തർ !

---

* മഹാത്മജി പഞ്ചാബിലേക്കു പുറപ്പെടുവാൻ ഒരുങ്ങിയപ്പോൾ.

Digitized By Kerala Sahitya Akademi

പ്രപഞ്ചധാതാവേ! വളരെ നീണ്ടുപോയ്
സ്വപ്നമങ്ങേ,യ്ക്കൊന്നുണരണേ വേഗം !
ഇവിടത്തെ സ്ഥിതിഗതികൾ നോക്കണേ
രവിയുമിന്ദുവും മിഴികളാവോനേ !
ഭുവനങ്ങളങ്ങു ചമച്ചതാണെങ്കി-
ലവനിയുമതിൽപ്പെടുകയില്ലയോ ?
ജനയിതാവിന്നു തനതപത്യത്തെ-
ക്കനിഞ്ഞു കാക്കേണ്ടും കടമയില്ലയോ ?
അതോ ധരണിയെച്ചെകിത്താനായ് ശല്യ-
മൊതുങ്ങുവാനങ്ങുമൊഴിഞ്ഞുതള്ളിയോ ?
ഹൃദയവും കണ്ണുമടയോരെ ! കേൾപ്പി-
നുദയം ചെയ്തുപോയ് നവീനമാം യുഗം.
അതിനിണങ്ങാത്ത പഴമയൊക്കെയും
പതിക്കട്ടേ ചെന്നു പടുകുഴിക്കുള്ളിൽ.
ഒരു മതം മതിയിനി-പ്പരസ്നേഹം,-
മൊരുവർഗ്ഗം മതി-മനുഷ്യസംജ്ഞകം ;
ഒരു രാഷ്ട്രം മതി-ധരാതലം-നമു-
ക്കൊരു ദൈവം മതി-ഹൃദിസ്ഥിതം ദീപം.
കിഴക്കു വങ്ഗത്തിൽക്കൊടുമ്പിരിക്കൊണ്ട
വഴക്കം വാശിയും വധൈകവാഞ്ഛയും,
ഭാരതഭൂമിയിൽ സ്വാതന്ത്ര്യതാസുര-
സരിത്തൊഴുക്കിന നവഭഗീരഥൻ,



Digitized By Kerala Sahitya Akademi

ശുഭപ്രതനസ്സൽഗുണ ദിനങ്ങൾ മൂ-
　　ന്നുപവാസിക്കവേ മറഞ്ഞുമാഞ്ഞുപോയ്.
അതിന്നുമേലതാ ! തിരിക്കയായ് പഞ്ച-
　　നദത്തിലേയ്ക്കുമഗ്ഗമപ്രവാചകൻ
അവിടെയും ജയമവിടുന്നാർജ്ജിച്ചു
　　ഭവികമൂഴിക്കു പരക്കെ നല്കട്ടെ !

—o:O:o—



Digitized By Kerala Sahitya Akademi

# ഇരുമ്പിന്റെ നൈരാശ്യം.

പോരുമീഞ്ഞെളിച്ചിലെൻ
പൊന്നുടപ്പിറപ്പേ! നീ-
യാരു, ഞാനാരെന്നൊന്നു
ശാന്തമായ് ച്ചിന്തിക്കുമോ?
സങ്കടം പരർക്കാർക്കു-
മേകാതെ നീണാൾ നമ്മൾ
തങ്കമേ ! പുലർന്നീലേ
പാരിതിൽപ്പണ്ടേക്കാലം ?
നമ്മളന്നദൃശ്യരാ-
യേവർക്കും, വിശാലമാ-
മമ്മതൻമടിത്തട്ടി-
ലാനന്ദിച്ചുറങ്ങീലേ ?
അതുവ്വിലെത്തിക്കുറേ-
ക്കൂട്ടായ് മക്കവർച്ചക്കാർ
സത്വരം നമ്മെക്കൊണ്ടു
മണ്ടിനാർ മുകൾപ്പാട്ടിൽ.
സ്വോപയോഗാർത്ഥം നമ്മെ-
സ്സംസ്കരിച്ചെടുത്തപ്പോൾ
ഹാ ! പരം നീ മഞ്ഞയായ്,
ഞാൻ വെറും കറുപ്പുമായ്.
വർണ്ണത്തിൻ വ്യത്യാസം
കണ്ടാഹ്ളാദമാർന്നാർ ; നമ്മെ-



Digitized By Kerala Sahitya Akademi

ബ്ഭിന്നിപ്പിച്ചമർത്ത്യവാ-
　　നാവഴിക്കല്ലീ പററു ?
എന്നെത്തൽസൗകര്യങ്ങ-
　　ളാദ്യമായ് വർദ്ധിപ്പിക്കാൻ
സന്നദ്ധനാക്കി; ഞാന-
　　മായതിൽക്കൃതാർത്ഥനായ്.
ധീനർതൻബുഭുക്ഷയെ
　　ശ്ശീഘ്രമായ്ശമിപ്പിക്കാൻ,
കാനനം നാടാക്കുവാൻ,
　　കെട്ടിടം ചമയ്ക്കുവാൻ ;
എത്രയോ തരത്തിൽ ഞാ-
　　നീമട്ടിൽപ്പണിപ്പെട്ടു
മർത്ത്യർക്കു നല്കീടിനേൻ
　　സൗഖ്യവും സുഭിക്ഷവും.
യാതൊന്നും പ്രയോജനം
　　കാണായ്കമൂലം നിന്നെ-
യാദരിക്കുവാനാശ-
　　യന്നവർക്കുണ്ടായില.
പിന്നെയാണൊരേടത്തു
　　മേനിയും മിനുക്കിയെൻ-
പൊന്നേ ! നീ മേവും കാഴ്ച
　　കണ്ടതപ്പൊണ്ണബ്ഭോഷർ.
പ്രീതി പൂണ്ടെടുത്തുടൻ
　　നിന്നെത്തങ്ങടുക്കൾതൻ-



Digitized By Kerala Sahitya Akademi

## ഇരുമ്പിൻെറ നൈരാശ്യം

കാതിലും കഴുത്തിലും
        കയ്യിലും ഘടിപ്പിച്ചാർ.
എങ്ങുമേ നിർമ്മലമായ്
        വ്യാപിക്കും കാർകൊണ്ടൽ ഞാ-
നിങ്ങളൊരല്പംമാത്രം
        ദൃശ്യയാം വിദ്യുത്തു നീ.
ആകമാനവും നിന്നെ-
        ക്കയ്യടക്കുവാൻ വെമ്പീ
മോഹത്താൽ സാമ്രാജ്യങ്ങൾ;
        മത്സരം വിജൃംഭിച്ചു;
കാട്ടുതീക്കൊപ്പം ദ്വേഷം
        മൈത്രിയെദ്ദഹിപ്പിച്ചു;
ജ്യേഷ്ഠനും കനിഷ്ഠനും
        സുന്ദോപസുന്ദന്മാരായ്.
ആയിരം സ്വരൂപത്തിൽ
        വാർത്തുതേച്ചുട്ടെന്നെത്തന്നെ-
യായുധീകരിച്ചുകൊ-
        ണ്ടന്യോന്യമങ്കംവെട്ടി.
ഞാനെന്തുചെയ്യും, ദീനൻ ?
        എൻജന്മം തുലയ്ക്കുന്നു
മാനുഷക്രവ്യാദർതൻ
        പങ്കത്തിൽപ്പങ്കാളിയായ്.
കോശമാമന്തഃപുരം
        തന്നിൽനീ മേളിക്കുന്നു



Digitized By Kerala Sahitya Akademi

ഘോഷാസ്ത്രീക്കൊപ്പം, ഹന്ത !
        ബന്ദിയായ് പ്രഭാകീടം.
പാകത്തിൽ നിന്നെക്കാത്തു
        നില്ക്കുന്നു വെളിക്കു ഞാൻ ;
ലോഹമില്ലാഞ്ഞാലാക്കു
        സുസ്ഥിരം കാർത്തസ്വരം ?
കൂരിരുട്ടാകുന്ന ഞാൻ വേല
        ചെയ്യുന്നു ; ചിത്രം
സൂര്യബിംബമാം നീയും
        സ്വാപത്തിൽ സുഖിക്കുന്നു.
ഏത്തിലൊന്നോർക്കു തോഴി
        നാം രണ്ടുപേരും ചേർന്നീ–
മർത്ത്യർതൻമാറാദ്ദാസ്യ–
        മെത്രനാൾ ചുമക്കണം ?
കൊല്ലുന്നു കൊല്ലുന്നു ഞാ–
        നന്ധനാ,യെന്നെക്കൊണ്ടു
കൊല്ലിച്ചു കൊല്ലിച്ചു നീ
        മൂഢയായ് രസിക്കുന്നു.
കഠിനീഭവിച്ചതാ–
        മെൻകരൾത്തട്ടിൽപ്പോലും
കദനം നിറച്ചീടു
        മീദൃശ്യം സുദുസ്സഹം.



Digitized By Kerala Sahitya Akademi

ഇമ്മഹാപാപം പോരും;
	ദൈവത്തിൻകരം വീണ്ടും
നമ്മളെബ്ഭൂഗർത്തി-
	ലാഴ്ത്തുവാൻ പ്രാർത്ഥിക്കനാം.
എത്രമേൽക്കാമ്യം നമു-
	ക്കാശ്മശാനാന്തവാസ-
മിത്തരം വ്യാപാരത്താൽ
	ജീവിക്കുന്നതെക്കാളും.

—:o:—



Digitized By Kerala Sahitya Akademi

ഉണരുവിൻ സഹജരേ! ഭാരതോർവ്വീതനയരേ !
ശനിയൊഴിഞ്ഞിന്നു വീണ്ടും മനുഷ്യരായ് നാം.
എഴുനേററു നിവിർന്നുയ,ന്നെവിടെയുമിപ്പുലരി-
യൊഴുക്കുന്ന പൊൻപുഴയിൽത്തുടിച്ചു നീന്താം.
അടിമച്ചങ്ങലയെല്ലാമയഞ്ഞഴിഞ്ഞററുവീണു ;
തടങ്കൽക്കൽത്തുറുങ്കെങ്ങും താനേ തുറന്നു.
സ്വതന്ത്രരായ് സകലരുമീനിമിഷം മുതൽ; നമ്മൾ-
ക്കിതിൽപ്പരമൊരു ഭാഗ്യമെന്തിനി വേണ്ടൂ ?
പരവശരായ് ക്കിടന്നു നരകിച്ചുപോയി നമ്മൾ
നിരവധി ദിനങ്ങളായ് നിർജ്ജീവപ്രായർ.
അറുതിപെട്ടല്ലോ വല്ലവിധവുമശ്ശാപം; നാമും
മറുകരയെത്തിയല്ലോ മാൽക്കടൽനീങ്ങി.
ചിരപ്രതീക്ഷിതമാമിശ്ശുഭമുഹൂർത്തത്തെക്കാണ്മാൻ
തരംവന്ന നമ്മളെത്ര ചരിതാർത്ഥന്മാർ !

## II

പരിണാമമിതെങ്ങിനെ വന്നുചേർന്നു ഭാരതത്തി-
ന്നിരുപതാംനൂററാണ്ടിലെപ്പരമാശ്ചര്യം ?
അശരണജനങ്ങൾതൻസുഹൃത്തൊരാളുതാകാണ്മിൻ!
കൃശഗാത്ര,നർദ്ധനഗ്നൻ,ഗതവയസ്കൻ.
അപരമല്ലിതിൻഹേതു,വവിടത്തെ വരിഷ്ഠമാം
തപശ്ചര്യതൻപ്രഭാവം; സന്ദേഹമില്ല.



Digitized By Kerala Sahitya Akademi

പിടിച്ചുവെച്ചടക്കിത്താൻ വാളരെന്നാർ ഭുജിച്ചതാം
സ്ഫുടരുചി തിരളുന്ന സാമ്രാജ്യശ്രീയെ,
തിരിച്ചുതത്സ്വാമിക്കേകം സ്വമനസ്സാൽജ്ജേതാവെന്നു
ചരിത്രത്തിലിതിൻമുൻപു കേട്ടതുണ്ടോ നാം?
അതു നമുക്കാർജ്ജിച്ചാനിന്നാതതായികളെപ്പോലു-
മനുചരരാക്കിമാററുമീമഹായോഗി,
അചകിത,നസ്ഖലിത,നദീനവ്രതഥാഗത-
നസുലഭസിദ്ധിയുക്ത,നഖിലബന്ധു.
അപങ്കിലനവിടത്തേക്കാത്മനിഷ്ഠബലം ബല-
മപരിച്ഛിന്നമാം സത്യമാദിത്യബിംബം.
അവിടത്തെപ്പർണ്ണശാല ഭരതോർവ്വി,യതിൽപ്പെട്ടാൽ
ഹരിപോലും ഹരിണമായ്ച്ചമഞ്ഞേപററൂ.
അതുകൊണ്ടാണജയ്യനാമാംഗലേയകേസരിയും
കൊതിപൂണ്ടതിവിടം വിട്ടൊഴിഞ്ഞുമാറാൻ.
പണിയുവിൻ പാണികൂപ്പിപ്പാവനനഗ്ഗുരുവിനെ-
ജ്ജനനിതൻ ദാസ്യംതീർത്ത ധീരശാന്തനെ. 36

## III

വഴുതിവീണുപോയ് പണ്ടു ബാലിശരാം നമ്മുടെയ
ബലമററ കയ്യിൽനിന്നു സാമ്രാജ്യകേതു.
അനൃതമെന്നരങ്ങിൽവന്നാർജ്ജവമായ്ച്ചമഞ്ഞാടി-
യധർമ്മത്തിന്നൊന്നു ധർമ്മമടിമപൂകി;
മനുഷ്യനെ മനുഷ്യനെന്നശുദ്ധനായ് മാററിനിർത്തി;
ധനമെന്നു സർവ്വേശൻതൻ സ്ഥാനത്തിലേറി;-



Digitized By Kerala Sahitya Akademi

മുടിഞ്ഞു നാമന്നു; പിന്നെ നമുക്കെന്നും ദിനകൃത്യം
പടവെട്ടൽ തമ്മിൽ, നാട്ടു പരക്കെ നരകങ്ങൾ!
മതമെന്നും, വർണ്ണമെന്നും, ജാതിയെന്നും, ഭാഷയെന്നും
മദംപിടിച്ചോരോന്നോതി വഴക്കടക്കി
തുലയ്ക്കൊല്ലേ കയ്യിൽ വന്ന ജയശ്രീയെ വീണ്ടും നമ്മൾ;
കളിക്കൊല്ലേ ജനനിതൻ ചുടുകണ്ണീരിൽ! 48

## IV

കരയേണ്ട മാതൃഭൂവിൻ കമനീയമാം വപുസ്സി-
ന്നിരുതുണ്ടായ് മുറിപ്പെട്ടു കിടപ്പതിങ്കൽ.
ഝരിക്കട്ടെ; സാരമില്ല; കുറച്ചുനാൾ ചെന്നാൽ രണ്ടു-
മൊരുമിച്ചുകൂടു, മിപ്പുണ്ണുണങ്ങും താനെ.
ഹിമവാനാം ഹീരമുടി ശിരസ്സിൽ ചൂടിച്ചും, തെക്കേ-
സ്സമുദ്രത്തിൻ തിരകളാൽ കാൽകഴുകിച്ചും,
കരംരണ്ടും കാമരൂപഗാന്ധാരാദ്രികളിൽച്ചേർത്തും
കർത്തലാന്നഖിലേശൻ വാഴിച്ച രാജ്ഞി,
അവികല,യവിഭാജ്യ,യവിടത്തെത്തിരുവുട-
ലെവിടെ, യാർക്കെത്രനേരം പിളർത്തി നിർത്താം?
ചിരിക്കുമീയിടയ്ക്കിട്ട മണൽച്ചിറകണ്ടു ദൈവ,-
മൊരുമഴച്ചാറൽകൊണ്ടിതൊലിച്ചുപോകും.
വിരഹമാമിതു പക്ഷേ സംശ്ലേഷത്തിൻ പൂർവ്വരംഗം
മറയലാം പിടിക്കും മുൻപുണ്ണികൾതമ്മിൽ! 62



Digitized By Kerala Sahitya Akademi

## V

ഉയരട്ടെ ഭാരതത്തിൻ പുതുവെന്നിക്കൊടിക്കൂറ
വിയത്തോളം ഭാസുരമായ് വിലസാഭിരാമം.
വഴിയിൽ വന്നെതിരിടും കൊടുങ്കാററു തുളച്ചേറി,
മഴമുകിൽമലയ്ക്കുമേൽപ്പറന്നുപൊങ്ങി,
ജനനിതൻ പുകൾവാഴ്ത്തിയമരനാരിമാർപാടു-
മനഘസംഗീതംകേട്ടു തലകുലുക്കി,
രവിയോടും മതിയോടും കുശലാന്വേഷണംചെയ്തു,
സവിലാസമുഡുക്കളെസ്സഖികളാക്കി,
നടക്കട്ടെ മുന്നോട്ടേയ്ക്കു സകലസൽഗുണങ്ങൾക്കും
നടനവേദിയായ്മിന്നും നമ്മുടെ രാജ്യം.
ചൊരിയട്ടെ സകലർക്കും ഹൃദയത്തിൽ സുധാരസം
പരമതിൻ സനാതനശാന്തിസന്ദേശം.
തുരിക്കട്ടെയഹിംസയാം മന്ത്രമോതിയവരുടെ
പരസ്പരദ്വേഷമാകും വിഷമിറക്കാൻ.
പ്രപഞ്ചത്തിൻ വിധാതാവാം ഭഗവാനേ !
ഭവാനോടി-
ന്നപരമൊന്നടിയങ്ങൾക്കർത്ഥനയില്ല ;
അരുളുക ജനനിതൻ കൊടിപിടിക്കുവാൻവേണ്ട
കരശക്തി, മനശ്ശുദ്ധി, കൈങ്കര്യശക്തി.

—o—



Digitized By Kerala Sahitya Akademi

# പുനരാലോചന

ഞാനന്നു നോക്കീ രാവി-
ലെൻകണ്ണാൽ വീണ്ടും വീണ്ടും
വാനത്തിൽ നീളെത്തിങ്ങി
മിന്നിടും താരങ്ങളെ—
മാനവർക്കാന്തത്തിൽ
സാന്ത്വനം നല്കാൻ വന്ന
ദീനബാന്ധവന്മാരാം
ദേവർതൻദീപങ്ങളെ.
ആദിത്യൻ മറഞ്ഞാലു-
മായതിൻമേലും മന്നിൽ
നാഥനില്ലാത്തോരല്ല
ഞങ്ങളെന്നൂഹിച്ചു ഞാൻ.
അന്നിമേഷത്തിൽദ്ദൂരെ
നിന്നെങ്ങോ വിഹായസ്സിൽ
വന്നുരുണ്ടേറുന്നൊരാ-
രൗദ്രമാം കരിമ്പ്ഭ്രം,
അന്തമില്ലെന്നോ രത്ന-
ഭണ്ഡാരക്കവർച്ചയ്ക്കു
പാരത്തു ആഴ്ന്നെത്തുമി-
കള്ളനൊത്തച്ചാടിക്കാൻ ?



Digitized By Kerala Sahitya Akademi

ഒന്നല്ല, പത്തല്ലെത്ര
 കോടിയോ, തദ്രൂപത്തിൽ
വന്നുകൂടുന്നു കരിം-
 കുപ്പായപ്പട്ടാളങ്ങൾ
ദേവർതൻ സർവ്വസ്വവും
 കൊള്ളചെയ്യുവാൻ ദൈത്യ-
രാവതും സ്വരൂപിച്ചു
 പോരിനായ്പ്പാഞ്ഞെത്തിയോ?
നീളവേ പരക്കുന്നു
 വാനെങ്ങും രണം; യോധർ
വാളുലച്ചോങ്ങീടുന്നു;
 പീരങ്കിപൊട്ടിക്കുന്നു.
നാരകാന്ധകാരത്തിൽ
 നാടെങ്ങും മുഴങ്ങുന്നു;
തീരെയില്ലപ്പോൾ ഭേദ
 മന്ധർക്കും കണ്ണുള്ളോർക്കും.
ആകാലത്തിങ്കൽക്കുറേ-
 മുമ്പുഞാനെന്തീക്ഷിച്ചു?
ഹാ! കൊടുങ്കാററിൻമുൻപു
 വാച്ചിടും വായുസ്തംഭം!
സകലം മനുഷ്യരെ-
 സ്സന്തുഷ്ടരായിക്കണ്ടാൽ
പ്രകൃതിക്കിത്രയ്ക്കുമേ
 ലക്ഷാന്തി വളർന്നാലോ?



Digitized By Kerala Sahitya Akademi

അങ്ങിങ്ങൊരല്പം നേരം—
    സ്ത്രീപിത്തം സ്വാന്തക്രോശം—
ഞങ്ങളെ കടക്കണ്ണാൽ
    നോക്കുന്നു വിദ്യുത്സമം;
ഉടനേ പിൻവാങ്ങുന്നു;
    മേഘരാക്ഷസന്മാർതൻ
തടവിൽപ്പെട്ടോരാണ-
    ത്തങ്കമെയ്ത്തരുണിമാർ.
പെട്ടെന്നു ഞാനന്ധനായ്
    മുന്നോക്കാൻ; ക്ഷുത്തേറില്ലേ
പട്ടിണിക്കാരന്നന്നം
    കൈക്കെത്തി വായ്ക്കെത്താഞ്ഞാൽ?
എന്താവാമിതിൻ തത്ത്വ-
    മെന്നു ഞാനനന്തരം
സന്താപം വെടിഞ്ഞൊന്നു
    ശാന്തമായ് നിരൂപിച്ചേൻ.
പരമാർത്ഥാവസ്ഥ ഞാൻ
    ധരിച്ചേനുടൻതന്നെ
വരദാനോൽകയായ
    കാളിയിക്കാദംബിനി.
തെല്ലൊന്നു പേടിപ്പിക്കു-
    മാദ്യമായ്; ഭക്തന്മാരെ
നല്ലമട്ടനുഗ്രഹി-
    ച്ചപ്പുറം മറഞ്ഞീടും.



Digitized By Kerala Sahitya Akademi

മാർത്താണ്ഡൻ മഹീതലം
നായാട്ടുകാടാക്കിത്തൻ
കൂർത്തുമൂർത്തുള്ളോരമ്പാൽ
നമ്മെയെത്രനാളെയ്തു!
വ്യാധന്മാർ കണ്ണാൽമാത്ര-
മല്ല, നാ, മെല്ലാ രോമ-
കൂപങ്ങളാലും തപ്ത-
ബാഷ്പമെത്രനാൾത്തൂകി!
അകലത്തദ്ദ്യുതി
മാററുവാൻ കനിഞ്ഞെത്തും
മുകിലിൻകുലത്തെ നാം
മൂഢരായ്പ്പഴിക്കയോ?
ശോഭനം ദേവന്മാർക്കായ്
ധാത്ര്യംബയാരാധിച്ച
ധൂപത്തിൻ ധൂമോൽക്കര-
ന്താനമിഗ്ഘനവ്യൂഹം.
നമ്മെക്കണ്ടിരുണ്ടത-
ല്ലിവതൻമുഖം; നമ്മെ-
യിമ്മട്ടിൽദ്രോഹിച്ചോരാ-
സൂര്യനെസ്മരിച്ചത്രേ.
കണ്ണിമയ്ക്കുമ്പോൾപ്പെട്ടും
ക്രൂരിരുട്ടിനോടൊപ്പം



Digitized By Kerala Sahitya Akademi

തന്നെയിശലട്ടത്തിങ്കൽ
        വാഴ്കമീത്തമിസ്രവും.
ഉത്തരക്ഷണത്തിലാ-
        ത്താരങ്ങൾ മിന്നും വീണ്ടും
മർത്ത്യർതന്നാശാദേവി
        ചൂടിടും വാടാപ്പൂക്കൾ.

—:o:—



Digitized By Kerala Sahitya Akademi

# പൂമ്പാററയോട്

ചിത്രപതംഗമേ! നിന്നെ—ക്കണ്ടെൻ
ചിത്തം തുടിച്ചുയരുന്നു.
വാർമഴവില്ലിൻെറ സത്താൽ— തന്നെ
നാന്മുഖൻ നിൻമെയ് ചമച്ചു;
ആനന്ദത്തിൻെറ രസത്താൽ—ത്തന്നെ
മാനസം തീർത്തതിൽവച്ചു ;
എൻ മണിക്കുട്ടനു വാഴാ—നൊരു
നന്മലർത്തോട്ടവും നല്കി.
ചെന്തളിർച്ചൂട്ടും ചെടികൾ—പൂവാം
പൊൻതളികയ്ക്കകം നീളെ,
തേനമൃതും ചുമന്നെങ്ങും—നില്പൂ
ചേണിൽ നിൻ പൈദാഹമാററാൻ.
ഇമ്മട്ടിലമ്മമാർനിന്നെ—ക്കനി-
ഞ്ഞുമ്മവച്ചൂട്ടാനിരിക്കെ
മറെറന്തു വേണംനിനക്കീ—മന്നിൽ?
മററും നിൻ ഭാഗ്യമേ ഭാഗ്യം ! 16

## II

ഓമൽച്ചിറകു കടഞ്ഞും,—ത്തി-
ത്തൂമയിലങ്ങിങ്ങു പാഞ്ഞും,



Digitized By Kerala Sahitya Akademi

വട്ടത്തിൽച്ചുററിക്കളിച്ചും,— മന്ദം
മട്ടലരിൽച്ചെന്നണഞ്ഞും,
പൂമ്പൊടിമെയ്യിലണിഞ്ഞും,—തെല്ല
ചാമ്പിയിടയ്ക്കിടെ നിന്നും,
തെന്നലിൽപ്പാറിപ്പറക്കം— നിന്നെ
വിണ്ണവർക്കൂടിക്കൊതിക്കം.
പച്ചിലത്തൊത്തുകൾക്കുള്ളിൽ—പ്പക്ഷ
നിശ്ചലനായ് നീയൊളിക്കെ,
കാണാതെ തെല്ലൊന്നുഴലും—നിന്നു
വാനിൽക്കതിരവൻ പോലും.
പൂവണിയുന്നൊരു പൂവായ്,—മലർ-
ക്കാവിന്നു ചൂഡാമണിയായ്,
നന്മതൻ കൈപ്പൊൻവിളക്കായ്—മന്നിൽ
ജന്മമെടുത്ത സഖാവേ!
വത്തികനിന്നെ വരയ്ക്കാ—നേതു
ചിത്രകൃത്തിന്നുണ്ടു കയ്യിൽ?
സ്വച്ഛന്ദമാടിക്കളിക്കു—മേലും
കൊച്ചുപറവക്കിടാവേ!

## III

വായുവിലെന്തിനു കൂടെ—ക്കൂടെ
നീയിളകിടാതെ നില്പൂ?
ആയാസമാററുവാൻ താനോ?—പുത്തൻ
വ്യായാമം കാട്ടിടുവാനോ?



Digitized By Kerala Sahitya Akademi

ജീവിതം സ്വല്പമെന്നോക്കെ—പ്പക്ഷേ
നീ വിലപിക്കുവതാമോ?
ആവില്ല; നീയറിവീലേ—നിൻെറ
ജീവിതപാരമ്യസാരം?
മർത്ത്യനു വായ്ക്കുന്നതെക്കാൾ നിൻ—ജന്മ-
മെത്രയോ മേൽത്തരമല്ലീ?
പട്ടിണികൊണ്ടു പൊരിഞ്ഞും—രണ്ടു
തുട്ടിനു പൗരുഷംവിററും,
പാരാണ്ടുകൊൾവാൻ കൊതിച്ചും,-വെറും
നൈരാശ്യം മാത്രം ലഭിച്ചും,
നിത്യവും പാപത്തെ നേടാൻ—സ്വന്തം
ബുദ്ധിയെക്കൈക്കൊള്ളും ചെയ്തും,
മീനംപിടിച്ചു വലഞ്ഞും,—നെഞ്ചിൽ
പ്രാണൻ കിടന്നു പിടഞ്ഞും,
കഷ്ടത നീങ്ങാനൊട്ടക്കം—പാഞ്ഞു
പട്ടടത്തീയിൽപ്പതിച്ചും;-
ഇങ്ങനെ ജീവിതം പോക്കും—നര-
നെങ്ങൊരു കാൽക്ഷണം സൌഖ്യം?
ആകാശനൌകയിലേറി—പ്പറ-
ന്നേകാന്തസന്തോഷമേന്തി,
നീ വിളയാടുന്നു, ധന്യൻ,—നിൻെറ
ജീവിതം ഹ്രസ്വമായാലും.
ഓടുന്നതെങ്ങു നീ കഷ്ടം!—ദൂരെ?
പ്പേടിപ്പതെന്തിനെൻ മുന്നിൽ?



Digitized By Kerala Sahitya Akademi

ഞാനൊന്നു കണ്ടോട്ടെ വീണ്ടും—നിൻെറ
മേനി തൻ കൺകക്ഷം ചന്തം ;
നെഞ്ചുകുളിർപ്പിച്ചിടട്ടെ—കൂടെ-
ക്കൊഞ്ചിക്കുഴഞ്ഞഴിഞ്ഞാടി
എന്നെ വെടിയൊല്ലേ നീയി—മ്മട്ടി-
ലെന്നിളന്തങ്കക്കിനാവേ !
ചിത്രശലഭമേ ? നിന്നോ—ടൊത്ത
മിത്രമെനിക്കുണ്ടു വേറെ? 72

---



Digitized By Kerala Sahitya Akademi

# ആററംബാംബ്

I

അണഞ്ഞില്ലഗ്നിയാഹവനവേദിയി–
ലവസിതമായില്ലഥർവണഹോമം.

ഇരിക്കുന്നു ചുററും മഹാഭിചാരത്തിൻ
മറുകരകണ്ട മദാന്ധർ യാജകർ.

അവിടെയപ്പൊഴേതൊരു സത്വം കട–
ന്നവർക്കുമുന്നിൽനിന്നലറിയാർക്കുന്നു ?

നെടിയ പാമ്പൊളി രസന നീട്ടിയും,
കൊടിയ വീരപ്പല്ലിളിച്ചു കാട്ടിയും,

ചൊകചൊകക്കനൽ ചൊരിയും നോട്ടവും.
പകച്ചു പാരിടം തകർക്കും ചാട്ടവും,

പൊലിച്ചു കർക്കശമരണശംഖൂതി,–
ക്കലി തുള്ളുന്നല്ലോ കലിതദുർമ്മദം !

അറിയില്ലേ നിങ്ങളതാണു പുത്തനാം
മറുകൊലപ്പിശാചണുഘനാസ്ത്രം–

സയൻസു ദുഷ്ടനാം മനുഷ്യനു ജഗൽ–
ക്ഷയത്തിനേകിന സമുല്ലസമ്മാനം–

വികൃതം, നിഷ്ഠുരം, വികടം, ദുസ്സമം,
സകൃൽപ്രദീപ്തിയിൽ സമസ്തഘസ്മരം.



Digitized By Kerala Sahitya Akademi

പരേതരാജനില്ലിവണ്ണമായുധം ;
ഗരളമില്ലിമ്മട്ടഹിസമ്രാട്ടിനും.

II

അടിമുടിയെങ്ങും വിറകൊണ്ടംബ്ഭ്രത-
മിടിയൊലിപൊന്തിച്ചിളകിയാടവേ,

അതിനെയാവാഹിച്ചുഴിച്ചു വിട്ടവർ
പതറി മെയ്കലഞ്ഞരണ്ടു നിൽക്കുന്നു.

അവരുടെ ചെവിക്കകത്തപ്പേച്ചിയു-
മിവണ്ണം വാഗഗ്നിജ്ജ്വാലം തുളച്ചുകേററുന്നു;

"കഴിഞ്ഞു മാററാർതൻകഥ,യവരിനി
മിഴി തുറക്കില്ല; തലയുയർത്തില്ല.

ഒരു ചവിട്ടിനാലൊരു പുരം ചുട്ടേൻ,
മറുചവിട്ടിനാൽ മറുനഗരവും.

ഒരു പരമാണുസത്രൂപം കൈക്കൊണ്ടു
തറയിൽ ചാടിപ്പാഞ്ഞൊരുരുളിയിട്ടു ഞാൻ,

ഉരഗലോകത്തിൻ ശിരസ്സിൽ നൃത്താടി-
യിരച്ചു വീണ്ടുംവന്നിളയിൽപ്പൊങ്ങിനേൻ

ഒരഗ്നികന്ദുക,മൊരുജ്ജ്വലദണ്ഡ,-
മൊരാജിദേവതാനവജയധ്വജം,

ഒരു പൊട്ടിക്കത്തുമെരിമലയിമ്മ-
ട്ടുയന്നു തീമഴ പൊഴിച്ചു ചുററിലും,



Digitized By Kerala Sahitya Akademi

തടിൽകുലങ്ങൾതൻ മിഴിയടപ്പിച്ചേ-
ന്മധുഗണങ്ങളെക്കിടുകിടുക്കിച്ചേൻ.
ഇനി ഞാൻ വേണ്ടതെ,ന്തുരപ്പി,നേതാരു
ജനതയെക്കൊന്നു കഴിച്ചുമൂടണം?
നറുമലർക്കാവേതരനിമിഷത്തിൽ
മരുമണൽക്കാടായ് മറിച്ചു തള്ളണം?
പടയ്ക്കു ഞാനെങ്ങു നടക്കണം,മെന്നെ-
പ്പിടച്ചുവിട്ടില്ലേ പകയരേ നിങ്ങൾ?
വയറും വായുമിക്ഷണം നിറയണ-
മുയി, ഉയി,ഉയിർ, നിണം, നിണം, നിണം."

## III

നടുനടുങ്ങിടുമുടലൊടും തൊണ്ട-
യിടറിക്കൊണ്ടവർ മറുമൊഴി ചൊല്വൂ.
'അണുശക്തിക്കുള്ളിലധിഷ്ഠാനം ചെയ്യു-
മനന്തഭൈരവി! മഹോഗ്രദേവതേ!
അവനിക്കശ്രുതചരം ഭവതിത-
ന്നവന്ധ്യമാരണപരാക്രമക്രമം.
പ്രമഥനയന്ത്രപരിചയത്താൽ തൽ-
സമത നേടിയോരിവരൊടും മെല്ലെ
മതിയിപ്പാതകം മതിയെന്നോതുന്നു
ഹൃദയദൌർബ്ബല്യം, ശ്മശാനവൈരാഗ്യം.



Digitized By Kerala Sahitya Akademi

മടങ്ങി സ്വസ്ഥാനമണഞ്ഞുകൊണ്ടല്ല-
മടങ്ങി വിശ്രമിച്ചരുളുകണേ, ദേവി!

അരികളാരാനും വരികിലക്ഷണ-
മരികിലെത്തിടാനറിയിക്കാം മേലും.

ഒരു തെല്ലുപ്പിടിയുവരെ നീ കാട്ടി-
ത്തിരിയെപ്പോനാലും വിജയികൾ ഞങ്ങൾ.'

## IV

അവരൊടസ്സുതചുരയ് പുരോഷവു-
മവജ്ഞയും കലന്നിതിന്നു മേൽമൊഴി.

'അബലമെന്തോന്നു പുലമ്പുന്നു നിങ്ങ-
ളപത്രപയൊട്ടുമനസൂയതൊട്ടും?

ഉറങ്ങണംപോൽ ഞാ,നുണരണം പോൽ ഞാൻ,
നരകൃമികളേ! ഭവദ്ഭുജിഷ്യയായ്!

അവതരിച്ചതിന്നതിനല്ലോർക്കുവിൻ,
ഭുവനസംഹൃതിവ്രതസ്ഥയാമിവൾ.

അലമുറയിട്ടാൽ ഫലമെന്തുണ്ടിനി?
വിളവുകൊയ്യട്ടെ വിതച്ച കൈതന്നെ.

ഒരു ശമനും പണ്ടഭേദ്യമായൊരീ-
നരകത്തിൻനട പൊളിച്ചെറിഞ്ഞതപ്പോൾ

അതിനകത്തെത്രയരുകൊലപ്പുറം
പതിയിരിപ്പുണ്ടെന്നറിഞ്ഞുവോ നിങ്ങൾ?



Digitized By Kerala Sahitya Akademi

അവരുടെയൊരു ചെറുമുന്നോടിഞാ-
നവരങ്ങിനിന്നടുത്തു വന്നല്ലോ.
അതീവദുഷ്ടകളവർതൻദൃഷ്ടിയിൽ
മദീയഹിംസനം മശകദംശനം!
അവരെയും ചിലർ ഭജിച്ചിരിപ്പുണ്ടാ-
മവരുമമ്പ് ഭക്തർക്കഭീഷ്ടമേകിടാം.
അടുത്തുവന്നിട്ടും പട നിനയ്ക്കിലീ-
യടരൊരുവെറും സുഹൃൽസമ്മേളനം.
ഹിറോഷിമോ പോയ വഴിയടഞ്ഞിട്ടി-
ല്ലറിവിൻ; ന്യൂയോക്കുമതിലേ പോയിടാം.

V

പറവിൻ! ഞാൻ നിങ്ങൾക്കതിന്നുമുൻപിലി-
ധരണിയെച്ചുട്ടു പൊടിച്ചു നൽകട്ടെ?
കരുക്കില്ലങ്ങൊരു ചെറുപുല്ലും മേലിൽ;
മറുതലപൊക്കാൻ പഴുതുണ്ടോ പിന്നെ?
അശാന്തരായ് നിങ്ങൾക്കഹങ്കരിക്കാമ-
ശ്മശാനവേദിയിൽപ്പിശാചുകൾ പോലെ.
വെളുപ്പു മെയ്യും പത്തിരട്ടിവായ്പിക്കാ-
മളവററങ്ങേഴും പുതിയ വെണ്ണീറാൽ.
അതിനൊരു പശ്ചാത്തലമായ് മിന്നിക്കാ-
മതുലമാം ഭവദപയശഃ പങ്കം.



Digitized By Kerala Sahitya Akademi

പറവിനിന്നെന്തെൻ കടമയെന്നു; ഞാൻ
    പരർക്കോ നിങ്ങൾക്കോ പദവി നൽകേണ്ടു.
അടർക്കളത്തിൻ സ്വാദറിഞ്ഞ ഞാൻ നിങ്ങൾ-
    ക്കടങ്ങി നിൽക്കയില്ലധികം നാൾ മേലിൽ'.
പലതുമിത്തരമുരച്ചുപ്പേച്ചി, തൻ
    ബലിക്കൊടയ്ക്കല്പം വിളംബം കാണവേ
കടുകടെപ്പല്ലു ഞെരിച്ചമറുന്നു;
    ജടപറിച്ചാഞ്ഞു നിലത്തടിക്കുന്നു;
കിളർന്നു വഹ്നിലേയ്ക്കുറഞ്ഞു ചാടുന്നു;
    കുലമലകളെക്കുലുക്കി വീഴ്ത്തുന്നു;
ഒരുവിധം കലി നിലച്ചപോലെയ-
    ക്കരു പിൻപയാതിന്നറയിൽപ്പൂകുന്നു.
അത്തു തൊടുത്തുവിട്ടടരിൽ വെന്നോർ തൻ
    ഹൃദയം പിന്നെയും പിടച്ചു തുള്ളുന്നു.
അവിടെനിന്നപ്പോളൊരു മൊഴി, യാട്ട്യ-
    മവിശദം, പിന്നെ വിശദം, പൊങ്ങുന്നു.
"അരുതെന്നെത്രനാൾ വിലക്കിനേൻ ഞാനി-
    ക്കരുമന? നിങ്ങളതു ചെവിക്കൊണ്ടോ ?
എരിയും കൈത്തിരി ശിശുക്കളെപ്പോലെ
    മരുന്നറയ്ക്കുള്ളിൽ വലിച്ചെറിഞ്ഞല്ലോ?
മുടിച്ചല്ലോ ഭൂമി മുഴുവനുമൊന്നായ്;
കെടുത്തല്ലോ ഭാവി, പരക്കും നിങ്ങൾക്കും.



Digitized By Kerala Sahitya Akademi

മരിച്ചു മല്ലിട്ടു മരിപ്പിനേവരും,
യുദ്ധക്കളേരകാത്തുണത്തിനാൽപ്പോലെ.
സഹജഹിംസയിൽ കുതുകിയായ് നരൻ
പ്രഹരണമെന്നു കരത്തിലേന്തിയോ,
അവൻെറ ലോകം വിട്ടകന്നു പോ,യപ്പോൾ
ഭുവനതാതനാം പുരാൻ പുരാതനൻ;
മറന്നു പോയമ്മട്ടൊരു പദാർത്ഥം താ-
നൊരിക്കൽപ്പണ്ടെന്നോ ചമച്ച വൃത്താന്തം.
സമരമെങ്ങനെ തരും സമാധാനം?
തിമിരമെങ്ങനെ വെളിച്ചമേകിടും?
പുതിയൊരിപ്പൊഴവമിജയസാഹസം
പ്രതിവിധിയററ പരമപാതകം.

(VI)

ഒരു വഴിയുണ്ടു മനുഷ്യൻ നന്നാവാ-
നൊരേയൊരു വഴി—മറുവഴിയില്ല.
ഒരു കുടുംബമായ് പ്പുലന്നാൽ ജീവിക്കാം,
പിരിഞ്ഞു മാറിയാൽ മരിച്ചു മണ്ണാകാം.
ഒരു ജനപദം മതിയിനി,യതിൽ
ശരിക്കു നീതിതൻ ഭരണവും മതി.
മതവും, ജാതിയും, നിറവും ലോകത്തെ-
പ്പൃഥക്കരിച്ചതു മതി, മതി, മതി.



Digitized By Kerala Sahitya Akademi

എളിയവരെന്നും വലിയവരെന്നു-
        മിളയിൽ മേലൊരു വിഭാഗമേ വേണ്ട.
സമസ്തമായിട്ടവസ്ഥയിങ്കലും
        സമത്വം സർവരും സമാശ്രയിക്കട്ടെ.
മുരട്ടുദേശീയമനഃസ്ഥിതിയുടെ
        ശിരസ്സിൽ വീഴട്ടെയണുബോംബൊക്കെയും.
ശിലകണക്കുള്ളിൽക്കിടക്കും സ്വാർത്ഥത്തിൻ
        തലയിലേവരും ചവിട്ടിനിൽക്കട്ടെ.
അതിൽനിന്നപ്പൊഴുതുദിക്കും ശാന്തിയാം
        സതീയതീശ്വരസ്വധർമ്മചാരിണി.
നിലവിലുണ്ടല്പമിനിയും ദൈവിക-
        കലയെന്നാലതു വെളിക്കു കാട്ടുവിൻ.
അണുബോംബും മററുമവനിന്നാക്കാ-
        നിണക്കുവിൻ; വിഷമമൃതമാക്കുവിൻ.
വലിയസാമ്രാജ്യതിമിംഗലങ്ങൾക്കീ-
        വഴി രുചിക്കാഞ്ഞാൽക്കുറെദ്ദിനങ്ങളിൽ
ധരണി നിന്നരഗ്രഹങ്ങളിലൊന്നാം;
        മറന്നുപോം വിശ്വമതിൻകഥപോലും.
ജനനിക്കുഗ്ഗതി വരുത്തിവെയ്ക്കൊല്ലേ
        മനുജരേ! നിങ്ങൾ മതിമാന്മാരല്ലേ?"

—(*)—



Digitized By Kerala Sahitya Akademi

# പ്രഭാതചിന്ത

(I)

"വരുന്നു ശല്യം വീണ്ടും!"—
　　തലയിൽക്കയ്യും വച്ചു
ഭൂതോർവ്വി തൻ മക്ക-
　　ളുഴലിൽപ്പുലമ്പുന്നു—
പിറവിക്കരുതെന്നു
　　തോന്നീടും മിഴി പൂട്ടി,
മരവിച്ചമട്ടുള്ള
　　മെയ്നീട്ടി,യുറങ്ങുവോർ.
"വരുന്നു വാനത്തുപാ,—
　　ഞ്ഞെത വന്നോ പൊട്ടിച്ചതാ-
മെരിതീമരുന്നുണ്ട-
　　യൊന്നതാ! ചാടിച്ചാടി.
കതിരോൻ—അവന്നില്ല
　　മറ്റൊന്നുമെന്നോ വേല,
പതിവായ്, സൈ്വരക്കേടു
　　ഞങ്ങൾക്കു നൽകാ,നെന്യേ?
ദൂരത്തുനിന്നിശ്ശനി
　　ചെന്തീയിൽപ്പുഴുപ്പിച്ച



Digitized By Kerala Sahitya Akademi

ക്രൂരമ്പു കണ്ണിൽക്കുത്തി-
കേററുവാൻ വെമ്പുന്നല്ലോ.
വിധിയില്ലാത്തോനവൻ
നിദ്രയെപ്പുല്കാനെന്നാ-
ലതിനിഷ്ടുരസ്ഥരാം
മർത്ത്യരോ പിഴച്ചവർ ?
പാതിരാവാകുംമുൻപു
പാഞ്ഞെണീഞ്ഞല്ലോ പാപി
പാരിൽനിന്നിരുട്ടിനെ
പ്പായിപ്പാൻ പടക്കൂട്ടി.
ഉരുണ്ടും പിരണ്ടുമി-
ത്തറയിൽക്കുറഞ്ഞൊന്നു
ചുരുണ്ടുകൂടിക്കിട-
ന്നുറങ്ങാൻ പററീലല്ലോ.
കൂപ്പുകൈ നിനക്കർക്ക !
പോകണേ മേവാൻ ; ഞങ്ങൾ
രാപ്പകൽക്കൂക്കുംവലി-
ച്ചിങ്ങിങ്ങാൻ കിടന്നോട്ടെ.
കോഴയായ് ക്കാകൻ പാടും
സ്തോത്രങ്ങൾ ചൊല്ലിക്കൊല്ലേ !
കോഴിതൻ കണ്ഠംകൊണ്ടു
വീരശംഖൂതിക്കൊല്ലേ"



Digitized By Kerala Sahitya Akademi

(II)

അപ്പോഴേയ്ക്കുതോൽബദ്ധ-
മക്കൂട്ടർ കേൾപ്പൂ പാര-
മത്ഭുതം സചഷ്ഠത്തിൽനിന്നു-
ത്ഥിതം, സൽബുദ്ധിദാം.
അരുതീ മഹാമോഹം
ഭാരതീയരേ! നിങ്ങൾ
മരണത്തിന്നുമുൻപു
മൃതരായ്ക്കഴിഞ്ഞല്ലോ.
പെരുന്നു കഷ്ടം! കായ-
മന്യായം ശവപ്രായ-
മാരാനും ചീഴുന്നതാം
ഛായ്ക്കൂരി കൊറിക്കുന്നു.
ഘോരയാം യമദൂതി-
തന്ദ്രിവന്നപൂർവ്വമാം
നാരകം ചമയ്ക്കുന്നു
നിങ്ങൾക്കു വീട്ടിൽത്തന്നെ.
കാണ്മതില്ലല്ലോ നിങ്ങ-
ളോരോരോ രാജ്യക്കാരു-
മാണ്മയിൽപ്പറക്കുന്ന-
താകാശത്തിനും മീതേ.
നിദ്രയാം പെൺപാമ്പിന്റെ
കടിയിൽപ്പിടയ്ക്കാസ്സിൻ!



Digitized By Kerala Sahitya Akademi

നിദ്രയാം പിശാചിന്റെ
 പിടിയിൽക്കടുങ്ങായ്‌വിൻ ;
ക്രൂരമ്പിൻ പരമ്പര-
 യല്ലെന്റെ കതിക്കററ ;
വാരൊളിത്തനിത്തങ്ക-
 മാലതൻ സമുച്ചയം.
ന്യൂനമുണ്ടെൻ കയ്യിലാ-
 ബ്‌ഭൂഷണം സംഖ്യാതീതം ;
കൈനീട്ടി വാങ്ങാമതെൻ
 മുന്നിൽവന്നാക്കും നിന്നാൽ.
അന്നന്ന നേരം ചെററും
 തെററാതെ കൃത്യം ചെയ്യു-
മെന്നിൽനിന്നൊററപ്പാഠ-
 മേവർക്കും പഠിച്ചീടാം.
ശ്രേയസ്സിനാശിക്കുവോ-
 രീശചരൻ കനിഞ്ഞേക-
മായുസ്സു പാഴാക്കാതെ
 പോകണം മുന്നോട്ടെന്നും.
നിങ്ങൾക്കും നിവിർന്നുയർ-
 ന്നധ്വാനം ചെയ്താൽ നേടാം
നിങ്ങൾതൻ സനാതനം
 സാമ്രാജ്യസിംഹാസനം.''

—:o:—



Digitized By Kerala Sahitya Akademi

# കരച്ചിലോ ?

(I)

കരയുന്നല്ലോ ! വത്സ !
കാര്യമെന്തെൻ ചങ്ങാതി ?
വെറുതേ കണ്ണീർമുത്തു
പാഴ്മണ്ണിൽവീഴ്ത്തുന്നല്ലോ !
കരയാനല്ലാതെ മ-
റെറന്താകമെന്നാൽ, ദൈവം
കരംചുട്ടെരിക്കമ്പോ,-
ളെന്തോ നിൻ മറുമൊഴി ?
ആരു കാണുവാനാണി-
ച്ചൂടുവെള്ളത്തിൽക്കളി-
യാരു കേൾക്കുമെന്നോർത്താ-
ണീമട്ടിലയ്യംവിളി ?
വാനവൻ തിരിഞ്ഞൊന്നു
നില്ക്കാനില്ലൊരാൾ വിണ്ണിൽ.
മാനവൻ കനിഞ്ഞൊന്നു
നോക്കാനമെങ്ങുംമന്നിൽ.



Digitized By Kerala Sahitya Akademi

അരു,തിപ്പിച്ചും ചേയു-
മാണുങ്ങൾക്കുടുത്തത-
ല്ലെരിയും ചെന്തീ കെടാ-
തൊണ്ണയാരൊഴിച്ചീടും ?
തുടയ്ക്കു കണ്ണീർ, നിർത്തു
കരച്ചി,ലെത്തിപ്പിടി-
ച്ചുടക്കു കാലക്കേടിൻ
കയ്യിലെജ്ജയക്കൊടി !

(II)

അറിയാം ദൈവത്തിന്നു-
മടിയാൽക്കാലും കയ്യും
മരവിച്ചിരിപ്പോരന്റെ
തലയിൽക്കതിച്ചേറാൻ ;
പിണത്തിൻമുന്നിൽക്കട-
ന്നുപ്പിടികാട്ടാൻ ; കുറേ-
ച്ചുണയുള്ളോനെക്കണ്ടാൽ
ദ്ദൂരത്തുമാറിപ്പോകാൻ ;
പലമട്ടിലുംവന്നു
തൊടിയും കരിയും നി-
ന്നലറിക്കോട്ടേ ; ചാടി-
യരങ്ങു തകർത്തോട്ടെ.



Digitized By Kerala Sahitya Akademi

കരച്ചിലോ ?

ആടിടാൻ വരുന്നോരു
വേഷങ്ങൾകണ്ടാൽ ഞെട്ടി-
യാടൽപൂണ്ടരണ്ടിടാൻ
കൈക്കുഞ്ഞുങ്ങളോ നമ്മൾ ?
വെളിച്ചത്തിലേത്തുരു-
മ്പിരുട്ടിൽപ്പാമ്പായ്ത്തോന്നും
വെളിച്ചത്തിലേക്കുററി-
യിരുട്ടിൽപ്പിശാചായും.
ഇരുട്ടിൻ മകളാണു
പേടി; യാ മകൾ പെററ
പൊരുക്കിക്കൂട്ടുന്നതാ-
ണീശഴൽക്കരിമ്പററം.
പോരിക വെളിച്ചത്തു,
പകലോനൊഴുക്കുന്ന
വാരൊളിത്തങ്കച്ചാറി-
ലാറാടിസ്സുഖിക്കുവാൻ.
കൈവേല നേടിത്തരും
കാശു താൻ മഹാമേരു;
മെയ്‌വിയർപ്പിങ്കൽച്ചെയ്യും
സ്നാനംതാൻ ഗംഗാസ്നാനം.



Digitized By Kerala Sahitya Akademi

കണ്ണുനീരൊഴുക്കുകിൽ—
　　　കഠനം മാത്രം കാര്യങ്ങൾ—
മന്ന്യമാം ധാന്യത്തിന്നു
　　　വേറിട്ടുവേണം വെള്ളം.
നമ്മൾക്കാജ്ജലം മാറ—
　　　ത്തലയ്ക്കും കയ്യാൽക്കാരാം ;
വെൺമുകിൽക്കുലത്തോടു
　　　മാരിക്കാരിരന്നിടും ?
വ്യാധിയെക്കാളും നര—
　　　ക്കാരോഗ്യം പരം കാമ്യം ;
വൈരൂപ്യത്തിനെക്കാളും
　　　സൗന്ദര്യമാകർഷകം.
പ്രാണനാശത്തെക്കാളും
　　　ജീവിതം മനോഹരം,
പാരതന്ത്ര്യത്തെക്കാളും
　　　സ്വാതന്ത്ര്യം സുഖപ്രദം.
ഉറക്കം തൂങ്ങാനല്ലി—
　　　ജ്ജീവനം ശരീരവു—
മൂന്നും വേണ്ടും കാര്യ—
　　　മോരോന്നു നിത്യം ചെയ്‌വാൻ.



Digitized By Kerala Sahitya Akademi

കരച്ചിലോ ?

ചേക്കിനാവായാലെന്തു ?
പൊൻകിനാവായാലെന്തു ?

പാർക്കുമ്പോഴൊപ്പം രണ്ടും ;
നിഷ്ഫലം കിനാവെല്ലാം.

പരിതഃസ്ഥിതിയെ നാം
പ്രതികൂലമെന്നോർത്തു

കരയാനിരുന്നീടി-
ലതിനേ കാണും നേരം.

ദുർദ്ദിഷ്ടമേതും നമു-
ക്കിഷ്ടദൈവമായ് മാററാം ;

ശുദ്ധിചെയ്തെടുക്കുമ്പോഴം
ക്ഷ്വേളവും സിദ്ധൗഷധം

(VI)

പിറക്കുമ്പോഴേ കൂടെ-
ക്കൊണ്ടു പോന്നിട്ടുണ്ടൊരു

വരമാം നിധി നമ്മൾ,—
ആയതെന്തെന്നോ ? —ചിരി !

ഏതിരുട്ടിലും വിള-
ക്കാവെള്ളിഗ്രഹം കാട്ടു-

മേതുകാലത്തും പൂന്തേ-
ന്നൂറമംപ്പിച്ചിച്ചെങ്കിൽ



Digitized By Kerala Sahitya Akademi

ചിരിക്കു ! കുറേപ്പൊട്ടി-
ച്ചിരിച്ചാലല്ലാതെയി—
ക്കരളിൻ പുണ്ണിന്നില്ല
കരിയാനേതും വഴി.

നാടകത്തിലെബ്ബഫൂൺ
പല്ലിളിച്ചീടും നേരം
കൂടവേ കാട്ടും ഗോഷ്ഠി-
യല്ല ഞാൻ ചൊല്ലും ചിരി.

ചാരത്തു ദൈവം വന്നു
ശത്രുവായോരോതരം
സ്വൈരക്കേടുണ്ടാക്കുമ്പോഴും
വേണം നാം ചിരിക്കുവാൻ.

നൂനമാട്ടഹാസം കണ്ടാൽ
ദൈവവും ഹസിച്ചീടും ;
വീണുപോമപ്പോളതിൻ
ദംഷ്ട്രയും മീശക്കൊമ്പും ;

കൊടുക്കുന്നതേ വാങ്ങാൻ
കഴിയൂ നമ്മൾക്കെന്നും,
കുടത്തിൽക്കൊള്ളുന്നതേ
കോരാവൂ കടലിലും.



Digitized By Kerala Sahitya Akademi

കരച്ചിലോ ?

ചിരിയാമുരപ്പിക
വാച്ചേക്ക്യ ലോകത്തിന്നു;
തിരിയെത്തരും ലോകം
മുതലും പലിശയും.
ദേഹമിത്തരം പുമ-
ത്ഥാപ്തിക്കു ദാനംചെയ്തു
ലോകനാഥനോടൊന്നേ
നേരേണ്ടു നമുക്കെന്നും:—
"ആപത്തുനൽകൊല്ലെന്നു
യാചിപ്പാൻലജ്ജിപ്പുഞാ-
നാപത്തിൽച്ചിരിക്കുവാൻ
മാത്രമേ വേണ്ടു വരം."



Digitized By Kerala Sahitya Akademi

# ഗ്രാമവും നഗരവും

അരികത്തെത്തീടുന്നു
　　പകലും രാവും തമ്മി-
ലൊരു തെല്ലിടകണ്ടു
　　പിരിയേണ്ടതാം ക്ഷണം.
വാനിൽനിന്നുരുക്കപ്പൊ-
　　ന്നാററുനീരൊഴുക്കുന്നു
താണൊരീയൂഴിക്കുമേൽ
　　ത്യാഗിയാം കതിരവൻ.
മാനവന്മാരോ മേന്മേൽ
　　മത്സരിച്ചാവുന്നോളം
ദീനർതൻ സർവസ്വവും
　　കൊള്ള ചെയ്യുടക്കുന്നു.
അങ്ങതാ കമ്പോളമൊ,-
　　ന്നായതിൽത്താർമാതിന്റെ
ചങ്ങലക്കിലുക്കമോ
　　കേൾപ്പതക്കോലാഹലം ?
നിരത്തൊന്നതിൻ മദ്ധ്യ-
　　ഭാഗത്താപ്പുരത്തിന്റെ
ചിരിമാറിടംപോലെ-
　　വായ്ക്കുന്നു വിശാലമായ്.



Digitized By Kerala Sahitya Akademi

പന്തി രണ്ടായിട്ടതിൻ-
　　പിൻപുറം പലേമട്ടിൽ
പണ്ടങ്ങൾ തിങ്ങീടുന്ന
　　പീടികപ്പൊന്മേടകൾ
വിണ്ടലത്തോളം തെളി-
　　ഞ്ഞുയർന്നുനിന്നുംകൊണ്ടു
കൊണ്ടലിൻകുലത്തോടു
　　കുശലം ചോദിക്കുന്നു.
തൻനെടും മടിശ്ശീല-
　　യൊഴിയുംവരയ്ക്കുമ-
പ്പുണ്യവീഥിയിൽപ്പൂക്കാ
　　ലാശിപ്പതാക്കും നേടാം.

II

പാഞ്ഞടുക്കുന്നു പുത്തൻ
　　മോട്ടാർകാറൊന്ന,ങ്ങൊരു
കാഞ്ചനപ്പണ്ടം വിൽക്കും
　　ശാലതൻ പുരോഭൂവിൽ.
ആഢ്യനോടൊപ്പം, വഴി-
　　ക്കാരെയും കണ്ടാൽ ദൂരെ-
യാട്ടിയോടിപ്പോരതി
　　ന്നാർമാടം നിലയ്ക്കുന്നു.



Digitized By Kerala Sahitya Akademi

ആ രഥത്തിങ്കൽനിന്നു-
താഴത്തേയ്ക്കിറങ്ങുന്നു,

ഭാരതീയനാമൊരാൾ,
സായിപ്പായ്ച്ചമഞ്ഞവൻ.

കൈകൊടുത്തനന്തരം
ഹസ്തസ്പർശം ചെയ്യിപ്പൂ തൻ

നാകലോകാധീശിത്രി-
യായിടും വധൂടിയെ.

മുഖത്തു വെള്ളപ്പൗഡർ,
മൂക്കിന്മേൽപ്പൊൻകണ്ണട,

ചുകപ്പുകൂട്ടാൻ ചുണ്ടിൽ-
പ്പുരട്ടീടിനാ ചായം;

ഇടത്തേ മണിക്കെട്ടിൽ
ബന്ധിച്ചു ഘടികാരം;

വലത്തേക്കയ്യിൽത്തൂങ്ങി-
ക്കിടക്കും തുകൽസഞ്ചി:-

'ഫാഷൻ' മെയ്യലങ്കരി-
ച്ചരങ്ങത്താടാൻ വിട്ട

വേഷമൊന്നിമ്മട്ടേറെ
മോടിയും പകിട്ടുമായ്



Digitized By Kerala Sahitya Akademi

നോക്കിലും, സ്മിതത്തിലും,
വാക്കിലും നടപ്പിലും,
നീക്കമററനല്പമാം
കൃത്രിമക്കൈകാണിച്ചും.
കൺമുനജ്ജാലം വീശി
കാൺമോരെക്കരുക്കിയും,
തൻ മണാളൻതൻ മെയ്യിൽ
മെയ് ചാരിനിന്നീടുന്നു
തൻെറയാണസ്സൗന്ദര്യ-
ധാമമെന്നോക്കെപ്പൊങ്ങി-
യന്തമററാവിഡ്ഢിക്ക
വിണ്ണോളമന്തർമ്മദം.

## III

അങ്ങടുത്തൊരേടത്തൊ
ട്ടൊതുങ്ങി നില്ക്കുന്നുണ്ടൊ-
രങ്ഗനാരത്നം, മേനി-
യാടൽത്തീവരട്ടിയോൾ.
അത്തയ്യൽപേറീടുന്ന
തീവ്രമാം നൈരാശ്യത്തിൻ
മുദ്രകൾ മിഴിയിലും,
ചുണ്ടിലും കവിളിലും.



Digitized By Kerala Sahitya Akademi

അമ്പലത്തിങ്കൽ സന്ധ്യ-
യ്ക്കംബയെക്കൂപ്പിത്തൊഴാൻ

വെമ്പലിൽപ്പൂത്തട്ടവും
കയ്യുമായ് മുഖം താഴ്ത്തി

പോകവേ പിന്നിൽക്കൂടി-
പ്പാഞ്ഞണഞ്ഞീടും കാറിൻ

കൂകൽ കേട്ടൊരററത്തു
മാറിനിൽക്കയാണവൾ.

നാരിതൻമുഖത്തിങ്ക-
ലപ്പുമാൻ തൻകണ്ണുമാ-

പ്പൂരുഷൻ തൻവക്ത്രത്തിൽ
മങ്കയാൾതൻനേത്രവും,

അങ്ങുമിങ്ങുമായ്പ്പാഞ്ഞു
മുട്ടികൊണ്ടല്പം നിന്നു

ചങ്ങലക്കെട്ടിൽപ്പെട്ട-
മട്ടിൽത്തെല്ലനങ്ങാതെ.

മൺമറഞ്ഞതാമോർമ്മ-
യപ്പൊഴൊന്നവൻതൻെറ

ഹൃന്മരുശ്മശാനത്തിൽ
നിന്നുയിർത്തെഴുന്നേററു.



Digitized By Kerala Sahitya Akademi

"ഹാ! ശുഭേ! ശുഭേ! നീയോ?
നിന്നെയോ ഞാൻകാണ്മതെ
ന്നാശു വാക്കഞ്ചൊറവൻ
വാ തുറന്നോതും മുന്നേ,
നെടുവീർപ്പിട്ടാൾ, കൂപ്പി-
ത്തൊഴുതാ,ളൊന്നപ്പുറ-
മെട്ടത്താൾ മുന്നോട്ടേക്കൊ
രോട്ടമത്തപസ്വിനി.
നിറഞ്ഞു മിഴിരണ്ടും;
വിയർത്തു നെററിത്തടം;
കറങ്ങീ തല; യവ-
ളയർന്നു തുടിപ്പുള്ളിൽ.

IV

തൻമദാമ്മതൻകാര്യം
സർവവും മറന്നല്ലൊ ാ-
രമ്മുഗ്ദ്ധൻതൻമേൽ ക്രൂര
ദൃഷ്ടിയാം ക്രൂരമ്പൂന്നി
ആരതാരതെന്നുടൻ
ചോദിച്ചാളമർഷത്താൽ
മാരണപ്പിശാചായി
മാറിയോരത്തയ്യലാൾ.



Digitized By Kerala Sahitya Akademi

"ഓമനേ! കേശക്കുട്ടി! പണ്ടെൻ
ഗ്രാമത്തിലന്നല്ലാരെൻ

കോമളക്കുട്ടിക്കളി-
ത്തോഴിയായ് വളന്നവരം."

"അവളും പിന്നീടങ്ങും
തമ്മിലെന്തുണ്ടായ്? ഞാനാ

വിവരം ധരിക്കട്ടേ
മുഴുവൻ യഥാർത്ഥമായ്."

എന്നലട്ടവേ വീണ്ടു-
മമ്മകൻ ചൊന്നാൻ സോമ-

"നെന്നെ നീ വിടില്ലെന്നു
തന്നെയോ? ചൊല്ലാമെല്ലാം.

അന്നു ഞാൻ ജായാപദം
നൽകുവാൻസത്യംചെയ്തോ -

ളിന്നു നാമകസ്ഥാത്തായ്
ക്കണ്ടൊരാ മനസ്വിനി.

ടൗണിൽ ഞാൻ പ്രവേശിച്ചോന്നു
പിന്നീടു; നിന്നെക്കണ്ടു

ചേണിൽ നിൻ വിലാസത്താൽ
ക്രീതനായ്; നിൻദാസനായ്



Digitized By Kerala Sahitya Akademi

വിഗ്രഹസ്ഥാനത്തിൽ ഞാൻ
　　വർണ്ണത്താൾപ്പടം വച്ചു;
ഛിക്കെന്നു തുളസിതൻ
　　മാടത്തിൽ ക്രോട്ടൺ നട്ടു.
ഇന്നു നീയിരിക്കുമെൻ
　　സാമ്രാജ്യപീഠത്തിങ്ക-
ലന്നല്ലാരിരുന്നേനേ-
　　മറക്കാമക്കാര്യം നാം.
ഏറെനാൾക്കഴിഞ്ഞൊന്നു
　　കണ്ടപ്പോളെന്തോ തോന്നി:-
പോരുമോ യഥാർത്ഥം ഞാൻ
　　ചൊന്നതും നീ കേട്ടതും.

V

വായ്പെഴും ദൃഷ്ടാന്തി-
　　ന്നുത്തരം പ്രക്ഷേപിച്ചാ-
ളാപ്പച്ചപ്പരിഷ്കാര-
　　ക്കാരിയാം ഡൊരഗ്ഗിണി:
“എന്തങ്ങു ചൊല്ലീ പിച്ചി,-
　　താരോടു ചൊല്ലീ? ചെററ-
‘കൺട്രി’യെക്കാമിച്ചോരു
　　കാടനോ ഭവാൻ മൂഢൻ?



Digitized By Kerala Sahitya Akademi

നിങ്ങൾതൻ സൂട്ടും, റൈറയും,
കോളറും, ഹാററും കണ്ടു
കൺകെട്ടിൽക്കുടുങ്ങി ഞാൻ
നിങ്ങളെ പ്രേയാനാക്കി.

ഓടയിൽക്കിടക്കണ്ട
കീടത്തെപ്പിടിച്ചു ഞാൻ
മേടയിൽക്കിടത്തിനേ,—
നായതെൻ കുററംതന്നെ.

നന്ദനന്നിരഥ്യയിൽ-
ത്തന്നെയ്'മ്മലംപ്പൂസാം'
പെണ്ണുമായ്ക്കുഴഞ്ഞാടി-
ക്കാണികൾക്കേകു രസം!

ഞങ്ങളുരിപ്പ്രാതായി-
ല്ലത്രമേൽ; കൂട്ടിന്നൊരാൾ
കാണുമോ വേറിട്ടെന്നു
ഞാനുമൊന്നന്വേഷിക്കാം."

എന്നുരച്ചത്താൻതോന്നി
മോട്ടാറിൽച്ചാടിക്കേറി-
പ്പിന്നെയും, കുറേസ്സീമ-
ബ്'ർത്സ്യനം ചീററിത്തുപ്പി,



Digitized By Kerala Sahitya Akademi

ശാവിനെച്ചുംബിച്ചു തൻ
പാർശ്വത്തിൽവച്ചുകൊണ്ടാ-

പ്പാവത്തെ ത്യജിച്ചു കാ,-
റോടിച്ചു താനേ പോയാൾ.

താനെന്തുവേണ്ടൂ മേലെ,-
ന്നോർത്തൊന്നുംതോന്നീടാതെ

ദീനനായവൻ നിന്നാൻ
താടിയിൽക്കയ്യുംകുത്തി.

"പ്രഭയും തൽകാന്തനും
ചരിക്കും ഗൃഹധർമ്മം

സഫലീഭവിക്കുവാൻ വര-
മേകണേ! ദേവി."

കപടം തീണ്ടീടാത്ത
'ഹൃത്തുമായ്" കരംകൂപ്പി-

ശ്ശ്രദ്ധയിമ്മട്ടിൽപ്പരാ-
ശക്തിയെ പ്രാർത്ഥിക്കുന്നു.

തെളിഞ്ഞു പണ്ടത്തേക്കാൾ
പ്രഭയും ചാഞ്ചാടുന്നു

കളിയും ചിരിയുമായ് ക്ലബ്ബിലെ
റെറന്നീസ്കോർട്ടിൽ.

---



Digitized By Kerala Sahitya Akademi

## കോടതിയുടെ കോപം

I

കോർട്ടിലേസ്സമൻകിട്ടി
    സാക്ഷിയായ് ച്ചെല്ലാൻ; പക്ഷേ
വീട്ടിൽനിന്നിറങ്ങേണ്ട
    മട്ടതെന്നറിഞ്ഞീല.

പൊറുതിക്കൊരേടത്തും
    പോംവഴി കാണ്മാനില്ല,
വറുതിപ്പിശാചിന്റെ
    വായ്ക്കകത്തായി പാവം.

കാശില്ല കല്ലും നെല്ലും
    റേഷണായ് വാങ്ങാൻ കയ്യിൽ;
കാററുണ്ടു ജീവിക്കുവാൻ
    പാമ്പായും പിറന്നീല.

കച്ചയും താനും തമ്മിൽ-
    ക്കണ്ടിട്ടു മാസം രണ്ടായ് ;
പിച്ചയ്ക്കും പിറന്നോരു
    മട്ടിലാർക്കിറങ്ങാവൂ?

കൂരിരുട്ടായാൽക്കുറേ
    ത്തെണ്ടിനോക്കിടും; കേൾപ്പാ-
നാരുണ്ടു? വിത്തേശനും
    ഭക്ഷണം മുക്കാൽപങ്കായ്.



Digitized By Kerala Sahitya Akademi

പഞ്ഞ,മേതിനം പഞ്ഞ,—
മാവിഷക്കൊടുങ്കാററു
പഞ്ഞിയായ്പ്പറപ്പിച്ചൂ
പർവ്വതങ്ങളെപ്പോലും.
വെട്ടൊന്നു കണ്ടുംരണ്ടു
പേ,രിനിദ്ദുർഭ്രുതത്തിൻ
മട്ടതു,ല്ലല്പാല്പമായ്—
ത്തിന്നൊടുക്കണം പ്രാണൻ.
തൻവരണ്ടിടും തൊണ്ട
കണ്ണീരാൽ നനച്ചുകൊ-
ണ്ടനപാഥം കിടക്കയൊ-
ണ്ടീനൻ മൃതപ്രായൻ.

II.

കോർട്ടിലെസ്സമൻ — മറു-
ത്തീടുകിൽപ്പോലീസുകാർ
വേട്ടനായ്ക്കളെപ്പോലെ
പാഞ്ഞെത്തും പിടിക്കുവാൻ.
എന്തുചെയ്യിടാം!— ചെന്നേ
പററിട്ടു;—പക്ഷേ ചെല്ലാ-
നെന്തെടുത്തരയ്ക്കുവൻ
ചുററാനാണെൻ ദൈവമേ!



Digitized By Kerala Sahitya Akademi

ഉടയും പുതപ്പുമാ-
　　യുപയോഗിക്കാറുണ്ടൊ-
രടിപൊത്തതാം പഴ-
　　ഞ്ചാക്കിന്റെ തുണ്ടം മാത്രം.
നൂറിടം കീറിപ്പറി-
　　ഞ്ഞൊട്ടയായ്ത്തൻ മൺകുടിൽ-
ക്കൂരയെക്കാളുംകൂടി-
　　യുജീർണ്ണമാപ്പുടച്ചരം.
അതുകൊണ്ടല്ലാല്ലം ത -
　　ന്നസ്ഥികൂടമാം മെയ്യു-
ഗ്ഗതികെട്ടവൻ മറ-
　　ച്ചെത്തിനാൻ കച്ചേരിയിൽ.
ചാലവേ തെളിഞ്ഞങ്ങു
　　പീഠത്തിൽ വാഴ്വൂജഡ്ജി;
"നാലുകയ്യുട്ടപ്പുകാർ",
　　മുന്നിലും, വക്കീലന്മാർ.
സാക്ഷിയെക്കൂട്ടിൽക്കേററാൻ
　　ഭൃത്യന്മാർ വിളിക്കുന്നു;
സൂക്ഷിച്ചുനോക്കീടുന്നു
　　തദ്രൂപം ന്യായാധിപൻ.



Digitized By Kerala Sahitya Akademi

കാഴ്ചബംഗ്ലാവിൽപ്പെട്ടോ-
രാൾക്കുരങ്ങനോ? തെററി-

ക്കാട്ടിൽനിന്നോടിപ്പോന്നോ-
രുള്ളാടക്കിടാത്തനോ?

ഉന്നതസ്ഥിതിക്കൊത്ത
ശമ്പളക്കൊഴുപ്പിനാൽ-

കണ്ണിണയ്ക്കാന്ധ്യം വാച്ചോ-
രക്കോമൻ ഗർജ്ജിക്കയായ്;

"ആരെടാ, നീയാരെന്റെ
മുന്നിലിപ്പുഴഞ്ചൊക്കിൽ-

ക്കേറിവന്നീക്കോർട്ടിന്റെ
മാനത്തെക്കെടുപ്പവൻ?

ധാർഷ്ട്യമിമ്മട്ടെന്നോടു
കാട്ടിടും നിന്മേലിതാ

കോർട്ടലക്ഷ്യമെന്നുള്ള
കുററം ഞാൻ ചുമത്തുന്നു.

III

വല്ലതും സമാധാന-
മുണ്ടെങ്കിൽക്കേൾക്കട്ടെ; നീ,

യല്ലെങ്കിൽത്തിരിച്ചു നിൻ
വീട്ടിലിന്നെത്തിക്കൊള്ളെടാ



Digitized By Kerala Sahitya Akademi

ഓതിനാൻ നാലഞ്ചാറു
നിശ്വസിച്ചതിന്നവൻ ;

"നീതിതൻ ദണ്ഡേന്തുന്ന
നേതാവേ ! നമസ്കാരം.

ഇന്നത്തെപ്പഞ്ഞപ്പാട്ട്
കേട്ടറിഞ്ഞിട്ടില്ലങ്ങു ;

നിർണ്ണയം പാലാഴിയാ-
ണീയൂഴിയങ്ങേയ്ക്കിന്നും,

ഇക്കണക്കല്ലെങ്കില-
ങ്ങെന്തിനിന്നാർപ്പു, കാട്ടു

രക്തമാം വസ്ത്രം കണ്ടാൽ
മുക്രയിട്ടോടും പോലെ ?

ആവട്ടെ ; നീന്നാരം ഭവാൻ
സമ്പത്തിൽ മദത്തിനാ-

ലാവതും സാധുക്കളെ
ദ്രോഹിച്ചു ജീവിച്ചാലും,

കോർട്ടലക്ഷ്യമല്ലെങ്കിൽ
വേറിട്ടൊന്നാട്ടേ കുററം;

വീട്ടിലേക്കനുയ്ക്കാഞ്ഞാൽ
പ്പോരും ഞാൻ കൃതാർത്ഥനായ്.



Digitized By Kerala Sahitya Akademi

മററാരേടത്തും തന്നെ
കിട്ടാത്ത ചോറും മുണ്ടും
പററിടാം കററക്കാര-
നായി ഞാൻ ജെയ്‌ലിൽപ്പോയാൽ.
ആധർമ്മം സർക്കാരിന്നു
നല്‌കുവാൻ ഞാനംകൂടി-
പ്പാത്രമായ്ഭവിക്കട്ടെ-
യങ്ങയാൽ ദയാനിധേ!
നിന്നിടേണ്ടനേകനാ,-
ളെൻപേരിലസ്സൗജന്യ-
മൊന്നുകിൽക്കാലം മാറു-
മല്ലെങ്കിൽക്കാലൻ വരും.
ശ്രമമുണ്ടീയൂഴിതൻ
മട്ടൊരു നരകത്തെ
യമലോകത്തിങ്കലും
കണ്ടിടാനെന്നൊൻമതം.
കല്പിക്കൂ വേഗം ശിക്ഷ,
രാജകീയാതിഥ്യം ഞാ-
നിപ്പെഴന്നാലും ലഭി-
ച്ചാശ്വാസമാർന്നീടട്ടെ.



Digitized By Kerala Sahitya Akademi

# മതവും മദ്യവും

ഇതെന്തു കൂത്തെന്റെ സഹോദരന്മാരേ?
മദിരാശിമന്ത്രിധുരന്ധരന്മാരേ?
മലബാർജില്ലയിൽ മദിരതൻ പാനം
വിലക്കിയോരല്ലീ വിവേകികൾ നിങ്ങൾ?
പിടിക്കയോ വീണ്ടും കരു ചിലേടത്ത-
ക്കുടിപ്പിശാചിനെക്കൂടിയിരുത്തുവാൻ?
മുറയ്ക്കു മേലിലും നടന്നിടാമെന്നോ
പറശ്ശിനിക്കാവിൽ സുരാനിവേദനം?
അതിന്നു ചാരായമൊരുകുപ്പി നിത്യം
മതിമാന്മാർ നിങ്ങളനുവദിക്കയോ?
പരദൈവങ്ങളെക്കുടിപ്പിക്കാമെന്നോ
നരന്നപായമായ് വിധിച്ചൊരാദ്രവം?
ഒരു കൈകൊണ്ടൊന്നു കൊടുംതെറ്റായ്ക്കാട്ടി
മറുകൈ കൊണ്ടതു തിരിച്ചെടുക്കയോ?
മതത്തിൻ പേർ ചൊല്ലിയൊഴിഞ്ഞു മാറുവാൻ
മറുനാട്ടിങ്കലെ ധീരകളോ നിങ്ങൾ?
മതത്തിൽ വാച്ചിടും പുഴുക്കുത്തായതിൻ
മഹാർഹഭൂഷയായ്ക്കരുതിടുന്നുവോ?.
കുനിക്കുവിൻ തല, കുമാർഗ്ഗനേതൃത്വം
തനിക്കുതാൻപോരന്നാക്കുചിതമാകുമോ?



Digitized By Kerala Sahitya Akademi

അറയ്ക്കുമീമാമൂൽ പുലത്തണമെന്നു
ഫറജി മന്ത്രിമാർക്കയച്ചുപോൽ ചിലർ !

ഇരുപതാംനൂററാണ്ടിതെന്നറിയാത്ത
വിരുതർ താനവർ വികലദൃഷ്ടികൾ.

നിനച്ചിടുന്നുവോ മദിരയർപ്പിച്ചു
ജനനിതൻ മനം മയക്കുവാൻ നിങ്ങൾ ?

മതിഭ്രമംവന്നോ തരൂ വരം ദേവി :—
പതിതരായ്പ്പോയോ ഭവാന്മാരത്രമേൽ ?

പിറപ്പു നിങ്ങൾക്കിപ്പൃഥിവിയിൽത്തന്നെ
മറപ്പൊരുളിനെ ബ്ഭജിപ്പതിമ്മട്ടോ ?

നരനെദ്ദൈവംതൻ വടിവിൽത്തീർത്തതായ്-
പ്പറയുന്നൂ ചിലർ ; യഥാർത്ഥമാർ കണ്ടു ?

നരൻ ചമച്ചു തൻ വടിവിൽദ്ദൈവത്തെ
പ്പരമതേവരുമറിഞ്ഞിടും സത്യം.

കുടിയനു ദൈവം കുടിയൻ ; മർത്ത്യരെ-
ക്കടിച്ചുതീന്മോനു കടിച്ചുതിന്നുവോൻ !

വളരെയായില്ലേ സമകൾ, നിങ്ങളി-
ക്കളങ്കപൂർണ്ണമാം വ്രതം ചരിക്കുന്നു ?

ഭഗവതിയുടെ മറയിൽ നിന്നെന്നും
ഘൃണനിന്ദ്യമാം മദിര മോന്തുന്നു ?



Digitized By Kerala Sahitya Akademi

സ്വബുദ്ധിയെക്കത്തിക്കുവരാം ചോരന്മാ
സ്വജിഹ്വതൻ വഴിക്കകത്തു കേറുന്നു ?

അവിടത്തെക്കത്തു വിശപ്പും ദാഹവു-
മവിടത്തെബ്ഭോജ്യം ഭുജിപ്പതു നിങ്ങൾ.

സുരാപർ ദണ്ഡ്യരെന്നധീശരിന്നോതി-
ദ്ദുരാപമാം ഹർഷം ജനത്തിന്നേകവേ,

ക്ഷിതിതലമെങ്ങും മഹാത്മാഗാന്ധിതൻ
സദുപദേശത്താൽ മുഖരമാകവെ,

സ്വതന്ത്രഭാരതമുണർന്നുയർന്നു നി-
ന്നതന്ദ്രമായതിൻ പ്രഭാവം കാട്ടവേ,

സനാതനമസ്മന്മത, മതിൻ പല
വിനാശഹേതുക്കൾ പരിഹരിക്കവേ,

പുതുപുളകം നാമണിഞ്ഞിടും വണ്ണ-
മതിന്റെ ദിഗ്ജയധ്വജം ലസിക്കവേ,

ഇനിയുമിക്കെട്ടുപടങ്ങുവേണമോ
മനുജരായ് മന്നിൽ ജനിച്ച നിങ്ങൾക്കും ?

അരുതെന്നറിവിനിദ്ദുഷിച്ചൊരാചാരം ;
പരിഷ്കരിക്കുവിൻ നിവേദനക്രമം.

കടൽ കയറുമോ മലയ്ക്കുമേൽ ? മാന-
മടന്നു വീഴുമോ തലയിൽ ? നോക്കുവിൻ.



Digitized By Kerala Sahitya Akademi

ഭഗവതിക്കെങ്ങു പകവരും, നിങ്ങൾ
മൃഗത്വം കൈവിട്ടു മനുഷ്യരാവതിൽ ?
അനഘസാത്വികസമ്പത്ത്യയാൽ വേണ-
മനുഗ്രഹശക്തിയവിടേയ്ക്കേറുവാൻ.

---



Digitized By Kerala Sahitya Akademi

## ലക്ഷ്മിയും ഭക്തനും

'എത്രനാളിമ്മട്ടിൽ ഞാൻ
കാത്തിരിക്കണം ? വന്നൊ-
ന്നെത്തിനോക്കുവാനെന്തി-
ത്താമസം ലക്ഷ്മീദേവി ?
അർച്ചനം, നമസ്കാരം,
നാമോച്ചാരണം, ധ്യാന-
മിച്ചൊന്നതൊന്നുംകൊണ്ടു
സംതൃപ്തിയങ്ങില്ലെന്നോ ?
അപ്പൊഴേക്കുൾഭീതി-
വാക്കൊന്നു കേട്ടാൻ ഭക്തൻ ;-
"ഇപ്പിട്ടുകൊണ്ടെന്തായി ?
ഭൂഷതാൻ സ്ത്രീകൾക്കിഷ്ടം.
ഒരു മുത്തുമാല നിൻ
സോദബിന്ദുവാൽ കോർത്തു
തിരുമല്ലൂരാഴ്ച വെച്ചാ,-
ലതു ഞാൻ വാങ്ങാൻ വരാം.
അന്നന്നീ മുക്താസരം
നീയെനിക്കേകാമെങ്കി-
ലന്നെന്നൻ പ്രസാദം ഞാൻ
നൽകിടാം, നിൻകയ്യിലും



Digitized By Kerala Sahitya Akademi

ഒരിടത്തൊരിക്കലു
മുറപ്പിക്കുന്നോരല്ലൻ
പൊരുതി, ഞാൻ നിത്യവും
സർവത്ര സഞ്ചാരിണി.

നിൻപാട്ടിൽ ഞാൻ നില്ക്കണം
നീളെനാളെന്നാലതി-
ന്നെൻ പ്രസാദത്തെപ്പങ്കിട്ട-
ന്യർക്കുമേകാൻ നോക്കു!

ക്ഷിപ്രം ഞാൻ ചാടിപ്പോക-
മല്ലെങ്കിൽത്തൽപാർശ്വത്തിൽ
ഷട്പദം പുഷ്പം വിട്ടു
പുഷ്പത്തിൽപ്പായുംപോലെ.

എന്നെനീയടപ്പിച്ചും
ദൂരെനിർത്തിയുംവേണം
നിന്നുകൊള്ളുവാൻ നിത്യ-
മല്ലെങ്കിലാപത്തുണ്ടാം.

ദീപികാസമാന ഞാൻ
ധ്വാന്തദുഷ്ടമാം ഭൂവിൽ
നീ പിടിച്ചിടാം കയ്യിൽ;
മാറിൽച്ചേർത്തണയ്ക്കാമോ?



Digitized By Kerala Sahitya Akademi

തടവിൽപ്പാർപ്പിക്കവാം-
നോക്കേണ്ട ; വരുമപ്പോറം

വിട്ടവിക്കവാനെന്നെ-
യെന്മകൻ സുമാശ്ശുഗൻ.

നിൻമെയ്യിൽക്ക്രൂരമ്പെയ്യും
നാലുഭാഗത്തും നിന്നു ;

നിൻമനം പൊള്ളിച്ചിടും ;
നിൻകണ്ണു പൊട്ടിച്ചിടും.

അത്തക്കം കണ്ടെത്തിടും
ക്രൂടവേ വലിഞ്ഞേറി,-

മത്താക്കും വളത്തിടും
വാരുണി മൽസോദരി.

ഒന്നിച്ചുവാഴ്‌വോരല്ല
ഞങ്ങൾ,ളാശ്ശവം വന്നാ-

ലന്നു ഞാൻ ദൂരപ്പായു,-
മത്രയ്ക്കുണ്ടതിൻ നാററം.

പിറകേ വരും താനും
നിനക്കു നൽകാനെൻെറ

തറവാട്ടമ്മ മൂത്ത-
ചേട്ടത്തി പിച്ചപ്പുട്ടി



Digitized By Kerala Sahitya Akademi

എന്നെനീയിതൊക്കെയും
    ചിന്തിച്ചുസേവിച്ചാലു-
മെന്നാൽ നീ സമ്പന്നനാം ;
    സമ്പത്തല്ലല്ലോ സുഖം.

നിന്നെ ഞാൻ സൃഷ്ടിച്ചീല,
    നിൻമനശ്ശാന്തിക്കു നീ-
പിന്നെയും സേവിക്കണം
    സ്രഷ്ടാവിൻ ദാരങ്ങളെ.

തദ്വരാമൃതാസ്വാദ-
    വേളയിൽത്തത്വജ്ഞൻ നീ
തിക്തകം ഞാനേകമി-
    ച്ചില്ലിയെന്നറിഞ്ഞിടും."

---



Digitized By Kerala Sahitya Akademi

# മുന്നോട്ട്

പോകുക മുന്നോട്ടു വേഗം ; —പാരം
വൈകുന്നു, കാണ്മീലേ, നേരം ?
യാതൊന്നും കാണാത്തോരായോ—നമ്മൾ
സോദരീസോദരന്മാരേ !
ആഴിയിൽത്താഴമാറായി —വാനിൻ
താഴികപ്പൊല്ക്കുടം, സൂര്യൻ.
കാലത്തുറക്കമുണർത്തി—നമ്മൾ—
ക്കാലസ്യമാററിന ദേവൻ ;
ചേണുററപദ്ധതിയെന്തെ—ന്നാക്കും
കാണിച്ചുതന്നൊരു വന്ദ്യൻ ;-
എങ്ങനെ നമ്മളെത്തള്ളും—വഴി-
ക്കെങ്ങനെ തള്ളാതിരിക്കും ?
ഇല്ലാവരയ്ക്കും നയിച്ചു—യാത്ര
ചൊല്ലിപ്പിരിവാൻ കൊതിപ്പൂ ;
നാമതറിയാതെ നിൽപൂ—പല
പാമരപ്പേക്കൂത്തും കാട്ടി.
ക്രൂരരാം വാഴ്കമാറായി—വന്നി-
പ്പാരിടം വാഴ്ചകത്താക്കാൻ.
ലക്ഷമണഞ്ഞു മുഹൂർത്തം—നമ്മെ
ലക്ഷ്യത്തിൽ കൊണ്ടു ചെന്നാക്കാൻ.



Digitized By Kerala Sahitya Akademi

നോക്കീലതൊന്നുംനാ,—മെല്ലാം വന്നു-
വാക്കിനു പാഞ്ഞങ്ങു പോയി.

ചേരിതിരിഞ്ഞടിക്കൂടി—നമ്മൾ
ശൂരരെന്നോർത്തു തെളിഞ്ഞു;

മായതൻ കള്ളക്കൺകെട്ടിൽ—പ്പെട്ടു
തീയതു നല്ലതായ് കണ്ടു;

കണ്ണുകൾ കൈകൊണ്ടടത്തു—രണ്ടും
പിന്നിൽവച്ചാണി തറച്ചു;

തൊണ്ടുവാൻനോക്കും കാൽ രണ്ടും—പടു-
കണ്ടുകഴിച്ചതിൽപ്പൂഴ്ത്തി.

പായുന്നു പിന്നിട്ടു നമ്മെ—ത്തുലോം
വായുവിൻവേഗത്തിൽക്കാലം.

ആക്കണ്ണുകെട്ടിത്തടുക്കാമതിൻ
ശീഘ്രതരമാം പ്രവാഹം?

ചെല്ലാതെ ചെല്ലേണ്ട ദിക്കിൽ—ശേഷ-
മുള്ളവകല്യം കളഞ്ഞാൽ,

അല്ലിൻപിടി മുറുകുമ്പോ—ളാരെ-
ച്ചൊല്ലിവിളിച്ചു കരയാം!

വീടതാ കാണ്മുചെന്നെത്താ—മങ്ങു
പോടുകുറേക്കൂടി വച്ചാൽ.



Digitized By Kerala Sahitya Akademi

അങ്ങണഞ്ഞിട്ടു തിരുമ്മാം—കഴ-
ഷിങ്ങ്ഗിതമൊക്കെയും നേടാം.

അന്തിവിളക്കു കൊളുത്താം—ശ്രീതൻ
പൊന്തിരുമംഗല്യം പോലെ,

പിന്നെ മറഞ്ഞോട്ടെ നമ്മെ—ക്കണ്ടു
ധന്യതകൈക്കൊണ്ടു മിത്രൻ.

പോകുക മുന്നോട്ടു വേഗം !—വേഗം !
വൈകുന്നു, വൈകിപ്പോയ്, നേരം.

—:o:—



Digitized By Kerala Sahitya Akademi

## മലകേറൽ.

ഉയരുവിൻ വേഗം; കയറുവിൻ മല;
നിയതിതൻതീർപ്പു മറിച്ചെഴുതുവിൻ.
ചിറകില്ലാത്തവർ പറന്നുപൊങ്ങുവാ-
നൊരുവരററവർ പിടിച്ചുകേററുവാൻ:—
ശവക്കുഴിവിട്ടു പലദിനങ്ങൾ കൊ-
ണ്ടിവിടത്തോളവുമിഴഞ്ഞുവന്നോർ നാം.
ഉരയട്ടെ കഴൽ ശിലകളിൽമുട്ടി,
മുറിയട്ടെ മുള്ളിൻ മുനകളിൽത്തട്ടി.
പെരുവഴിയെങ്ങും തുറന്നിരിപ്പീല;
നറുമലരാരും വിരിച്ചും കാണ്മീല.
നമുക്കു പോയല്ലേ കഴിയൂ മുന്നോട്ടു
പുമർത്ഥം നേടുവാൻ? മുറയ്ക്കുപോക നാം.
തപസ്സു ചെയ്‌വോർക്കു തടസ്ഥമുണ്ടാക്കാൻ
വിബുധരുച്ചസ്ഥർ കരുതുകിലെന്നും.
അമൃതം മററാരുമരിക്കരുതെന്നു
സമദമാം ഹൃത്തിൽ സദാ കരുതുവോർ:
സ്വാഹിതം നേടുവാൻ പ്രലോഭനം കൊണ്ടു
മഹർഷിമാരെയും വശീകരിക്കുവോർ;
അവരിൽനിന്നെന്തു നമുക്കുണ്ടാമിപ്പാ-
നവക്കവർ തുണ; നമുക്കു നമ്മളും.



Digitized By Kerala Sahitya Akademi

അടിപതറാതെ,യട്ടക്ക തെററാതെ,
മുടി കനിയാതെ, കൊടി വഴുതാതെ,

കരങ്ങളേവരും പരസ്പരം കോൎത്തു-
മൊരേതരം ജയരവം മുഴക്കിയും,

എതിരിടും വിഘ്നങ്ങളെട്ടൊക്കെ-
പ്പതിരിൻ മട്ടുതിപ്പറപറപ്പിച്ചും,

അണിനിരന്നൊപ്പം പുരോഗമിക്കവി-
നണയുവിൻ ശീഘ്രമഭീഷ്ടലക്ഷ്യത്തിൽ.

ഇരിക്കിലും കൊള്ളാം; മരിക്കിലും കൊള്ളാം;
കരുത്തുള്ളോൎക്കെന്നും കരസ്ഥം കാമിതം.

ഭയമെന്നോതിടും പിശാചിനെ നമ്മൾ
സ്വയം ജനിപ്പിച്ചോർ; സ്വയം മരിപ്പിക്കാം.

ഒരമ്മതൻമക്കൾ സഹോദരർ നമ്മൾ
പരസ്പരം മല്ലിട്ടൊടുങ്ങിടുന്നല്ലോ !

കൊലയും കൊള്ളയും കൊടിയ തീവെയ്പും
പലവിധമെങ്ങും പരന്നീടുന്നല്ലോ !

ഇതിന്നുതാനോ നാം സ്വതന്ത്രരായത-
സ്സുധയെയിമ്മട്ടിൽ ഗരളമാക്കുവാൻ ?

പടക്കൊടുങ്കാററിൽക്കരിയില പോലെ
പറന്നു നാം താഴെപ്പതിക്കയോ വീണ്ടും ?



Digitized By Kerala Sahitya Akademi

ഇതേതു ദൈവത്തിന്നഭിമതമാക-
മിതാർക്കു മുത്തേകും രിപുക്കൾക്കെന്നിയേ ?

ഇതെന്തൊരുന്മാദമിതെന്തൊരുൽപാത-
മിതോ ഭരതഭൂദേശാവിപര്യയം ?

ഉദയശൈലത്തിൻ മുകളിൽ നിന്നുണ്ണി-
ക്കതിരവനഹോ, കനകം വർഷിപ്പൂ.

തൃണങ്ങൾതൻ കണ്ണീർ കരങ്ങളാൽ മാച്ചു-
മുണച്ചു താണതാം ക്ലമിക്ഷമേകിയും

ഇരുളിൻപററത്തെയകലെപ്പായിച്ചും,
ചെറുകാററാൽ മലർമണം പരത്തിച്ചും,

"കടലിലിന്നലെപ്പതിച്ച ഞാനിതാ !
കടന്നു പിന്നെയും കയറി വാനത്തിൽ.

മതിയിൽ മിന്നീടും വിവേകമാം ദീപ-
മതിപ്രഭകൊണ്ടെൻ വഴി തെളിക്കവെ,

മറിതിരകണ്ടു കലുങ്ങിയില്ല ഞാൻ;
മകരമത്സ്യത്തിന്നശനമായില്ല.

പവിഴവും മുത്തും പെറുക്കാൻ നിന്നില്ല;
സവിധദ്വീപത്തിലുറങ്ങാൻ ചെന്നില്ല.

എനിക്കെൻ പ്രാച്യമാം പദത്തിലെത്തണം;
നിനവിതൊന്നാൽ ഞാനിവിടെപ്പാഞ്ഞെത്തി."



Digitized By Kerala Sahitya Akademi

ഇറ:ങ്ങുമോരോരോ പറവകളെക്കൊ-
ണ്ടവിതഥം നിജചരിതം ചൊല്ലിച്ചും,

ഇനനതാ ! മുന്നിൽപ്പരിലസിക്കുന്നു,
തനിക്കുതാൻപോന്ന മനുഷ്യനാടശ്ശം.

ക്ഷിതിയിലേത്തമസ്സശേഷം നമ്മുടെ
ഹൃദയമാം ഗുഹയ്ക്കകത്തു കേറിപ്പോയ്.

പരനെ വെട്ടംവാരം കല്കൊണ്ടപ്പുറം
തിരിഞ്ഞുനമ്മെയുമരിഞ്ഞു തള്ളില്ലേ ?

മറക്കുവിൻ കീഴിൽക്കഴിഞ്ഞത, തുള്ളുറ
തുറക്കുവിൻ കാററും വെളിച്ചവും കേറാൻ.

നടക്കുവിൻ മുന്നോട്ടഭിന്നലക്ഷ്യരായ്;
പടത്തുവിൻ നീളെപ്പരസ്പരസ്നേഹം.

തനതുഭാഗത്തെപ്പരരിലേററാതെ,-
യിണങ്ങിടേണ്ടോരെപ്പിണക്കി നിത്താതെ,

അധികസംഖ്യരെന്നഹങ്കരിക്കാതെ,
അധഃസ്ഥവർഗ്ഗത്തോടവജ്ഞകാട്ടാതെ,

പുരോഗമിപ്പോർക്കു നിലമലരാക,-
മിരുൾവിളക്കാകം; ഘനമൃഡുവാകം.

തനതു വീഴ്ചയിൽ വിശങ്ക തോന്നാത്ത
ജനതയെക്കണ്ടാൽ നടുങ്ങും ലോകവും



Digitized By Kerala Sahitya Akademi

# തൃപ്പാദങ്ങളിൽ

(നതോന്നത)

I

തിരുവിതാംകൂറേ! കനിഞ്ഞടിയങ്ങളേവരേയു-
മരിമയിൽപ്പേററു പോററി വളർത്തും തായേ!

ഉടലിന്നുമുയിരിന്നുമുടമപ്പൂണ്ടവിടുന്നീ-
ബ്ഭടരുടെ ഹൃദയത്തിൽ പ്രതിഷ്ഠ കൊൾവൂ.

പറന്നുയർന്നമ്മയുടെ പള്ളിവെന്നിക്കൊടിയാട
പരിചയിക്കുന്നുവേഴ്ച വിബുധരുമായ്;

മലയജക്കുഴമ്പുതൻ മണം പുണർന്നണഞ്ഞീടു-
മിളങ്കാററിലൊളി മിന്നിച്ചുഴലാടുന്നു.

അറുപതിൽപ്പരം ലക്ഷം ജനങ്ങൾക്കീ വൈജയന്തി-
യറിയിപ്പൂ ഭവതിതന്നുത്സവാഘോഷം.

ഇതു ഞങ്ങളുറപ്പിച്ചു പിടിക്കുന്ന നിധിപോലെ-
യിതുപോരും ഞങ്ങൾക്കേകാനീപ്സിതമേതും.

II

അറിഞ്ഞിട്ടുണ്ടവിടത്തെയപദാനപരമ്പര-
യഭിമാനപുളകിതശരീരർ ഞങ്ങൾ.

അടുത്തെത്തുമരികളെക്കൊടുമുടിക്കൈകൾ പൊക്കി
മടുപ്പിച്ചു കാവൽനിൽക്കും മലനിരയും,



Digitized By Kerala Sahitya Akademi

അരികത്തു മാററലർതൻ മരക്കലം വരൊല്ലെന്നു
പെരുമ്പറയടിച്ചോതുമലകടലും,

അതിരാക്കും ഭവതിയെയടിമയാക്കുവാൻ പണ്ടു
മുതിർന്നെത്തിപ്പോലും ചില വെള്ളക്കൊള്ളക്കാർ !

തെരുതെരെയവരുടെ പടവുകൾ പാഞ്ഞെത്തു
ചിറകുകൾ വിരുത്തിയ ഗിരികൾപോലെ.

കരയ്ക്കുവന്നിറങ്ങവേ ഭവതിതൻ തനയരാ-
ട്ടോരകൾതന്നുയിർപ്പൊരുൾ ചുങ്കമായ്ക്കൊണ്ടു.

അരഞൊടിയിടകൊണ്ടാപ്പടക്കപ്പലശേഷവും
നരകൾതൻമട്ടിൽച്ചിന്നി നുറുനുറുങ്ങി.

അവശിഷ്ടർ സമുദ്രത്തിൽ നിമഗ്നരായ്, താണുപോയോ-
രഭിമാനമെവിടെയെന്നാരായ്‌വാൻപോലെ.

III

"ഇത്രമൊരുനാട്ടപോലുമിടുങ്ങിയ വഴിത്താര-
യിത്തുകാക്കും കോട്ടപോലുമീമുളംവേലി;

എതിരിടും പോലുമെന്നെയട്ടോപ്പാത്താ ചേവകക്കാർ;
പുതുമയൊന്നിതിന്നുമേൽ ഭൂമിയിലുണ്ടോ?

കഥയെന്തെന്നറിയാതെ കളിക്കുന്ന വഞ്ചി, മൈസൂർ-
ക്കടുവായൊ,ടുണക്കില തീയോടുപോലെ.

ശരി,യെന്നാലിതിനെ ഞാൻ കൊള്ളയിടാം, ചുട്ടെരിക്ക-
മരികളെ വെട്ടിക്കൊല്ലുമാബാലവൃദ്ധം!!



Digitized By Kerala Sahitya Akademi

തൃപ്പാദങ്ങളിൽ

ഇടിയൊലിയിതുമട്ടിൽ മുഴക്കിയ ടിപ്പുസുൽത്താൻ
കിടങ്ങിൽവീണൊരുകാലിൽ മുടന്തുമേന്തി,
പടക്കൊടി ഭവതിക്കായ് പ്രായശ്ചിത്തംപോലെ നല്കി
മടങ്ങിപ്പോൽ മലനാട്ട മറന്നിടാതെ.

VI

പല പല വിരുതുകൾ പഴവന്മാരിക്കണക്കിൽ
പരമ്പരയായ് ലഭിച്ചോർ പടക്കളത്തിൽ.
അവർ ഞങ്ങൾക്കരുളിയ പൈതൃകസ്വത്തൊന്നു മാത്ര-
മളവററു പൊന്തിടുന്നദേശാഭിമാനം.
അതു ഞങ്ങൾ നിറവിളക്കെന്നപോലെ സംരക്ഷിക്ക-
മതുഞങ്ങൾക്കെന്നദിനം നേർവഴികാട്ടും.
അതു ഞങ്ങൾ പലേടത്തുമിക്കഴിഞ്ഞ കൊടുമ്പോരിൽ
ഹൃദയരക്തത്തിൽ മുക്കിയെഴുതിക്കാട്ടി.
അധർമ്മത്തിൻ മസ്തകത്തെയടിച്ചുടച്ചമത്താന-
മശരണർക്കവലംബമരുളുവാനും,
ഉലകത്തിലുപശാന്തിസുഭഗതയുളർത്താനും,
കുലധനമായ മാനം പുലർത്തുവാനും,
അഭിനവഭാരതത്തിൻ ഘടനയിൽ ഭവതിതൻ
വിപുലമാം കർത്തവ്യത്തിൽപ്പങ്കുകൊള്ളാനും,
അനലസ, രചഞ്ചല; രർത്ഥകാമസ്പൃഹയററോർ,
വിനയത്താൽ വിഭൂഷിതർ വിശ്വബന്ധുക്കൾ,



Digitized By Kerala Sahitya Akademi

ഗുരുപനെയും നാട്ടിനെയും നിരന്തരം സേവചെയ്തു
സഫലജീവിതരാവാൻ ശ്രമിക്കും ഞങ്ങൾ

ഒരു നിശ്വസിതം കൊണ്ടു വേണ്ടിവന്നാൽ സമാർജ്ജിക്ക-
മൊരിക്കലുമഴിവററ യശഃകൈലാസം.

നമസ്കാരം ജനയിത്രി! ഭവതിതൻ പദത്തിങ്കൽ
വിമലമാം ഭക്തിസുമമർപ്പിപ്പൂ ഞങ്ങൾ.

അനുഗ്രഹിക്കുമാറാക ഭവതി ഞങ്ങളെപ്പെത്തു-
മനുക്ഷണം ജയലക്ഷ്മിയധീനയാവാൻ.

---



Digitized By Kerala Sahitya Akademi

# ആ ചുടലക്കളം

I

അന്ധകാരത്തിൻ വായിൽ
വീണു പോയല്ലോ ലോകം
ഹന്ത ! നാമത്രയ്ക്കുമേൽ
ശപ്തരാ സഖാക്കളേ?
പോയല്ലോ നമുക്കുള്ള
പൂതമാം പുരാപുണ്യ-
മായല്ലോ നാമിമ്മട്ടു
നിസ്സഹായരനാഥരായ്.
കരഞ്ഞാൽ ഫലമെന്തു ?
കൺമിഴിപ്പതിൻമുമ്പു
മറഞ്ഞുവല്ലോ നമ്മെ-
ക്കൈവെടിഞ്ഞസ്മൽഗുരു.
ഉയിരുണ്ടെന്നേയുള്ളൂ —
ശവങ്ങളായി നമ്മൾ;
ഉടലുണ്ടെന്നേയുള്ളൂ —
പട്ടടപ്പാഴ്ച്ചാമ്പലായ്,
അവനിക്കെന്തുണ്ടിനി
വരുവാനത്യാഹിത-
മെവിടെക്കഴുകിയാൽ
മായുമീ മാറാപ്പങ്കം?



Digitized By Kerala Sahitya Akademi

II

രാഷ്ട്രീയോൽബോധനത്തിൽ,
വിജ്ഞാനപ്രദാനത്തി-
ലീശ്വരസപര്യയിൽ,
സർവസത്വോദ്ധാരത്തിൽ,
സൂക്ഷ്മദൃഗ്‌വ്യാപാരത്തിൽ,
സൂക്തോക്തിയിൽ, തുല്യ-
മീക്ഷയിൽ, ശശ്വദ്ധർമ്മ-
സ്ഥാപനവൈയഗ്ര്യത്തിൽ,
ശാന്തിയിൽ,സൗഭ്രാത്രത്തിൽ,
ത്യാഗത്തിൽ,തപസ്സിൽനാം
ഗാന്ധിജിയ്ക്കൊപ്പം ചൊൽവാ-
നന്യനെക്കണ്ടിട്ടുണ്ടോ?
ആ സ്സിദ്ധൻ,വയോവൃദ്ധൻ,
ജീർണ്ണാംഗൻ സ്വാരാജ്യത്തെ-
യീർച്ചവാളിനാൽ രണ്ടു
തുണ്ടായ് നാം പിളക്കവേ,
അക്കാഴ്ച കണ്ടുണ്ടായ
യാതനയ്ക്കടിപ്പെട്ടു
നില്ക്കയായ് കർത്തവ്യതാ-
മൂഢനായ്,നിർവിണ്ണനായ്.



Digitized By Kerala Sahitya Akademi

"അകത്തുകടപ്പോരെ
ഞാനൊന്നു ശോധിക്കട്ടെ ;
പകച്ചുകൊത്തും പാമ്പു
പച്ചിലയിലും തങ്ങാം."
"പാടില്ല സർദാർ, പോരും
ദൈവത്തിനെന്നും, ലാക്ക
കേട്ടറ്റൊരെൻ ജീവിതം
നീട്ടാം? ഞാൻ തൽപാണിസ്ഥൻ"

III

എമ്മട്ടിൽ നിൽക്കും വാനി
ലന്തിയാകുന്ന നേരം-
മെമ്മട്ടിൽ കർമ്മസാക്ഷി
മുന്നോട്ടു കാൽവെച്ചിടും ?
ഇടരും തന്മെയ്മെല്ലെ-
പ്പൌത്രീമാർ താങ്ങിത്താങ്ങി
നടപ്പൂ തൻപ്രാർത്ഥനാ-
യോഗത്തിലെത്താൻ ഗുരു.
ഞൊടികൊണ്ടപ്പോളയ്യോ,
ചാഞ്ഞിടുന്നല്ലോ മൂന്നു
വെടിയാമഹാത്മാവിൻ
നെഞ്ഞത്തും വയററത്തും.



Digitized By Kerala Sahitya Akademi

ഞങ്ങുവന്നതു പിന്നെ–
　　കൊള്ളുന്നവല്ലോ കേറി
ഞങ്ങൾ തൻ ഹൃദയത്തിൽ,
　　വിശ്വാസത്തിൻ സർവ്വസ്വത്തിൽ.
രണ്ടുവാക്കല്ലാതൊന്നു,–
　　മോതില "ഹാ റാം ! ഹാ റാം ;"
ഹന്ത! നീയിത്രയ്ക്കുമേൽ
　　ക്രൂരയോ വർഗ്ഗീയതേ ?

IV

ദാരിദ്ര്യം ശമിപ്പിക്കാൻ
　　നഗ്നനായ് ജീവിക്കുന്നു ;
സമ്പത്തു വർദ്ധിപ്പിക്കാൻ
　　ചർക്കയിൽ നൂൽനൂല്ക്കുന്നു,
ഊതിയാൽപ്പറക്കുന്നോര,–
　　സ്ഥിക്കൂടംകൊണ്ടാക്കും–
മൂഷിപ്പാനാവാത്തതാം
　　കാര്യങ്ങൾ സാധിക്കുന്നു.
എവിടെക്കാണുംനമ്മ–
　　ളിത്തുമട്ടുദാത്തമാം
ളവനോദ്ധൃതിയ്ക്കുള്ള
　　പൂജ്യമാം നിത്യാധാരം ?



Digitized By Kerala Sahitya Akademi

എവിടെക്കേൾക്കും നമ്മ,–
ളിമ്മട്ടിലഭൌമമാം

വിവിധതത്ത്വരത്ന–
ഭൂഷണം പ്രഭാഷണം ?

ലോകസങ്ഗ്രഹത്തിനായ്
ജനിച്ച ജീവന്മുക്തൻ

ശോകമോഹാർണ്ണവങ്ങൾ
കടന്ന ജിതേന്ദ്രിയൻ,

നിത്യത്തെ നേരിൽക്കണ്ട
നിർമ്മമൻ, നിഷ്കല്മഷൻ,

ശത്രുവെപ്പോലും മിത്ര–
മാക്കിടും തപോരാശി,

ശ്വാപദങ്ങളെക്കൂടി
മാൻകിടാങ്ങളായ് മാററാൻ

വൈഭവം വായ്ക്കും വ്യക്ത–
വൈശിഷ്ട്യൻ, യതീശ്വരൻ,

സത്യമാംപടവാളു,–
മഹിംസപ്പോർച്ചട്ടയും

ദുഷ്ടതാജയത്തിനായ്–
കൈക്കൊള്ളും മഹാരഥൻ.



Digitized By Kerala Sahitya Akademi

ആയുധം സ്പർശിക്കാതെ-
യാങ്ഗ്ലേയസിംഹത്തിനെ-

യാഴിയിൽപ്പിന്നോട്ടേയ്ക്കു
പായിച്ചോരമോഘാസ്ത്രൻ,

ഭുവിലിന്നെവിടെയും.
സർവഥാ സർവോൽകൃഷ്ട-

നേവർക്കുമെപ്പോഴുമെ-
ന്നെല്ലാരും പുകഴ്ത്തുവോൻ,

ഹിന്ദുവും മുസൽമാനും-
ക്രിസ്ത്യാനുമെല്ലാം തന്നെ-

യൊന്നായ്ത്താൻ നിനയ്ക്കുവോൻ,-
ചൊല്ലുവോൻ, പ്രവൃത്തിപ്പോൻ-

കണ്ടിട്ടില്ലൊരുത്തനെ-
യദ്ദിവ്യൻ പാപിഷ്ഠനെ-

കേട്ടിട്ടില്ലൊരിക്കലും-
ഭീതിയെന്നൊരു ശബ്ദം.

ഇരുന്നാലത്തും കൊള്ളാ,
മിറന്നാലത്തും കൊള്ളാം;

പരക്കായ് ജീവിക്കണം,-
മല്ലെങ്കിൽ മരിക്കണം.



Digitized By Kerala Sahitya Akademi

ആ മഹാൻ കൂടെക്കൂടെ-
യാഹാരം കഴിക്കാതെ-

യാതിഥ്യം വാങ്ങിപ്പോകാൻ
വിളിക്കും കൃതാന്തനെ ;

കണ്ണീരിൽ സ്നാനംചെയ്തു
കാണുമ്പോൾക്കഴൽ കൂപ്പി-

പ്പിന്നാക്കം പേടിച്ചോടും
ഭീഷണൻ പ്രാണാന്തകൻ.

V

നമ്മൾതൻ നാഴവാൽപന്ന-
സ്വാതന്ത്ര്യജനകനെ

നമ്മതാൻ മനുഷ്യനായ്
ജനിച്ചോരമരനെ,

ആഷ്ഭ്രുവണിഞ്ഞീടു-
മാദർശത്തിനെ,

യാക്കുതൻ ജന്മത്തിന്നു
ധന്യത്വം വളർപ്പോനെ,

ഭാരതീയനാമൊരാ,
ളഭ്യസ്തവിദ്യൻ, ഹാ ! ഹാ!

കാരിരുമ്പുണ്ടകൊണ്ടു
തീർത്തല്ലോ ഗതാസുവായ്.



Digitized By Kerala Sahitya Akademi

അവനെപ്പേരെന്തോതി
വിളിച്ചീടേണ്ടു നമ്മ-

ളുവമാനത്താൽ മുഖം
നമ്മൾക്കു കനിപ്പോനെ ?

അരുതത്തരം ചിന്ത,-
യരുൾചെയ്തിട്ടുണ്ടസ്സൽ-

ളരു"നന്മയാൽ വേണം
തിന്മയെക്കാൽക്കീഴാക്കാൻ."

സോക്രട്ടീസിനെക്കൊൽവാൻ
ഗരളം കുടിപ്പിച്ചു;

യേശുവിൻ ശരീരത്തെക്കു-
രിശിൽത്തറച്ചു നാം;

കൃഷ്ണൻതൻ പാദത്തിനെ
ക്രുത്തുമൃത്തമ്പാൽ കീറി;

കൃൽസ്നമാം വർഗ്ഗഭ്രാന്തേ!
നീയിപ്പോളിതും ചെയ്തു.

അത്യന്തം കൃതഘ്നങ്ങൾ
നീചങ്ങൾ ബീഭൽസങ്ങൾ

മർത്ത്യർ തൻ മതജാതി
വർഗ്ഗാദി ദൗരാത്മ്യങ്ങൾ.



Digitized By Kerala Sahitya Akademi

## VI

ആ മഹോപദേശകൻ
പട്ടടത്തീയിൽക്കത്തി
വ്യോമത്തിൽനിന്നുംകൃപാ-
രശ്മികൾ ചൊരിഞ്ഞീടും.

അശ്മശാനത്തിൽനിന്നു
ഭക്തന്മാർ സമർപ്പിക്കും
ഭസ്മത്താൽ പൂർവ്വാധികം
പൂതയാം ഗംഗാനദി.

അസ്ഥലത്തുനിന്നോരോ
വീട്ടിലും പ്രസാദമായ്
സൂക്ഷിക്കപ്പെട്ടന്നൊരു
ശുദ്ധമാം ചെമ്മൺകളി

മാണിക്യക്കെടൊവിള-
ക്കായിട്ടും പുമർത്ഥങ്ങൾ
മാനുഷർക്കെല്ലാനാളും
നിധിയായ് രക്ഷിക്കുവാൻ.

ഈശക്കൊട്ടും പരസ്പര-
ദ്വേഷമാം പിശാചിനെ-
യാക്കഴിയ്ക്കുകം നമ്മ-
ളാഴത്തിൽത്താഴ്ത്തീടാവൂ!



Digitized By Kerala Sahitya Akademi

നവമാം സാഹോദര്യ-
　　സന്താനവൃക്ഷത്തിനെ-
യിവിടെ വളർത്താവൂ
　　നമ്മുടെ ബാഷ്പാംബുവാൽ !

ജീവിതക്കാററാൽപ്പാരി-
　　ലുയർന്ന ധർമ്മക്ഷേത്രം
ജീവരക്തത്താൽപ്പൂർണ്ണ-
　　മാകട്ടെ ജഗൽക്കാന്ത;

ആവശ്യപ്പെടാമതി-
　　ന്നവിടെയുദ്രേകത്തിൻ
പാവനാങ്ഗണത്തിൽപ്പെട്ടും
　　ചാരവുമെല്ലാം നീങ്ങും.

—o:o:o—



Digitized By Kerala Sahitya Akademi

Digitized by Kerala Sahitya Akademi